# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686 038. KERALA

PHONE 8499 8234

മൂറോൻകൂദാശാ പതിപ്പ്                1984 മാർച്ച് 25


# മൂറോൻ കൂദാശ: ശുശ്രൂഷയുടെ വിവിധ ഘട്ടങ്ങൾ

സ്റ്റാഫ് എഡിററർ

കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായ പരിശുദ്ധ ബസേലിയോസ് മർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് സഭയിൽ പരിശുദ്ധാത്മ നൽവരത്തിൻെറ പ്രതീകമായ പരിശുദ്ധ മൂറോൻ കോട്ടയം ദേവലോകം അരമന ചാപ്പലിൽ ഇന്നു കൂദാശ ചെയ്യുന്നു.

കഴിഞ്ഞ 40 ദിവസത്തെ പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും ആർജ്ജിച്ച ശക്തിയോടുകൂടി സഭയുടെ പരമാദ്ധ്യക്ഷനോടൊപ്പം മെത്രാപ്പോലീത്തന്മാരും, വൈദികരും ജനങ്ങളും ഈ ദിവ്യമായ ശുശ്രൂഷക്കുവേണ്ടി ഒരുങ്ങിക്കഴിഞ്ഞു.

രാവിലെ 7 മണിക്ക് പ്രഭാത പ്രാർത്ഥനയോടുകൂടി ശുശ്രൂഷകൾ ആരംഭിക്കുന്നു.

പ്രാർത്ഥനക്കുശേഷം പ്രധാന പുരോഹിതൻ അംശവസ്ത്രങ്ങൾ ധരിച്ച് മദ്ബഹായിൽ ഒരു ഉയർന്ന സിംഹാസനത്തിൽ ആരൂഢനായും മെത്രാപ്പോലീത്തന്മാരും വൈദികരും അംശവസ്ത്രങ്ങൾ ധരിച്ച് മദ്ബഹായിലും, ബീമായിലും മൂന്നു നിരയായി നിന്നും പ്രാർത്ഥനകൾ ആരംഭിക്കുന്നു.

ഈയവസരത്തിൽ സുഗന്ധദ്രവ്യങ്ങൾ ചേർത്തു തയ്യാറാക്കിയ ശുദ്ധമായ സൈത്തെണ്ണയും ബൽസാംബറു എന്ന സുഗന്ധതൈലവും രണ്ടു പ്രത്യേക പാത്രങ്ങളിൽ മുൻകൂട്ടി മദ്ബഹായിൽ തിരശീലക്കകത്ത് വച്ചിരിക്കും.

പരിശുദ്ധാത്മ നൽവരത്തിനുവേണ്ടി ദീർഘമായ പ്രാർത്ഥനകളും ഗാനങ്ങളും ഈ അവസരത്തിൽ വൈദികസംഘം ആലപിച്ചുകൊണ്ടിരിക്കും.

തുടർന്ന് ഒന്നാം പ്രദക്ഷിണം ആരംഭിക്കുകയായി. ഒരു മെത്രാപ്പോലീത്തായും അദ്ദേഹത്തിൻെറ ഇരുവശങ്ങളിൽ രണ്ടു വൈദികരും മറുബഹസാകൾ പിടിച്ചുകൊണ്ട് രണ്ട് പൂർണ്ണ ശെമ്മാശന്മാരും, കത്തിച്ച മെഴുകുതിരികൾ പിടിച്ചുകൊണ്ട് രണ്ട് ശെമ്മാശന്മാരും ഈ പ്രദക്ഷിണത്തിൽ പങ്കെടുക്കുന്നു. ധൂപാർപ്പണമാണ് ഈ പ്രദക്ഷിണത്തിലെ പ്രധാന ചടങ്ങ്. മഹാപുരോഹിതൻെറ അംശവടിയുമേന്തി മെത്രാപ്പോലീത്താ ധൂപാർപ്പണം നടത്തുന്നു. ഈ സമയം ഗായകസംഘം പ്രത്യേക പ്രാർത്ഥനാഗീതങ്ങൾ ആലപിച്ചുകൊണ്ടിരിക്കും.

പ്രദക്ഷിണത്തിനുശേഷം പഴയനിയമ വായന; തുടർന്ന് മഹാ പുരോഹിതൻ തിരശീലക്കുള്ളിൽ പ്രവേശിച്ച് സൈത്തെണ്ണയും ബൽസാം ബറുവും സംയോജിപ്പിക്കുന്നു. ഈ സമയം അദ്ദേഹത്തിൻെറ സഹായികളായി രണ്ടു മെത്രാപ്പോലീത്തന്മാർ ഉണ്ടായിരിക്കും. അർക്കദിയാക്കോൻ ലൂത്തിനിയാ വായിക്കുന്നതോടെ ഈ ഭാഗം അവസാനിക്കും.

തുടർന്ന് രണ്ടാം പ്രദക്ഷിണം ആരംഭിക്കുന്നു. ഇതിൽ മഹാ പുരോഹിതൻ മൂറോൻ പാത്രം കൈകളിലേന്തിയും പന്ത്രണ്ടു പൂർണ്ണ ശെമ്മാശന്മാർ മറുബഹസകൾ പിടിച്ചും പന്ത്രണ്ട് ശെമ്മാശന്മാർ കത്തിച്ച മെഴുകുതിരികൾ പിടിച്ചും പന്ത്രണ്ട് വൈദികർ ധൂപം വീശിയും പങ്കെടുക്കുന്നു. ഇവരോടൊപ്പം ഒരു വൈദികൻ കുരിശും മറെറാരു വൈദികൻ ഏവൻഗേലിയോനും അർക്കദിയാക്കോൻ, മഹാ പുരോഹിതൻെറ അംശവടിയും പിടിച്ച് ഇവർക്കു മുൻപിലായി നീങ്ങുന്നു.

ഈ സമയം മുതൽ അവിശ്വാസികളും വേദവിപരീതികളും പിശാചു ബാധിതരും ഈ ശുശ്രൂഷയിൽ സംബന്ധിച്ചുകൂടാ എന്ന പ്രഖ്യാപനം അർക്കദിയാക്കോൻ നടത്തുന്നു

പ്രദക്ഷിണം ഓരോ വാതില്ക്കലെത്തുമ്പോഴും, അർക്കദിയാക്കോൻ ഭയഭക്തിയാദരവുകളോടുകൂടി ജനങ്ങൾ ശുശ്രൂഷയിൽ സംബന്ധിക്കുവാനുള്ള ആഹ്വാനം മുഴക്കുന്നു.

പ്രദക്ഷിണം തിരികെ മദ്ബഹായിൽ എത്തിക്കഴിഞ്ഞ് മഹാപുരോഹിതൻ മൂറോൻ പാത്രം ത്രോണോസിൽ തബലീത്താമേൽ വച്ച് ശോശാപ്പാകൊണ്ട് മൂടുന്നു. ശുശ്രൂഷയുടെ ഒന്നാംഘട്ടം ഇവിടെ അവസാനിക്കുന്നു.

ഘട്ടം രണ്ട്

മൂറോൻ തൈലം വച്ചിരിക്കുന്ന ത്രോണോസിനു കിഴക്കുവശത്ത് 12 പൂർണ്ണ ശെമ്മാശന്മാർ മറുബഹസകൾ പിടിച്ചും 12 വൈദികർ ഇരുവശങ്ങളിലായി ധൂപാർപ്പണം നടത്തിയും 12 ശെമ്മാശന്മാർ കത്തിച്ച മെഴുകുതിരികൾ പിടിച്ചും ചുററിലുംനിന്ന് രണ്ടാം ശുശ്രൂഷ ആരംഭിക്കുന്നു. ഈ സമയം മഹാപുരോഹിതൻ അതിവിശുദ്ധ സ്ഥലത്ത് നിന്നുകൊണ്ട് പ്രാർത്ഥനകൾ നടത്തുന്നു.

തുടന്ന് വിശ്വാസപ്രമാണം ശ്ലീഹാ, ഏവൻഗേലി ലുത്തിനിയാ എന്നിവ വായിക്കുന്നു. മഹാപുരോഹിതൻ തുടർന്ന് പരിശുദ്ധാത്മ നൽവരം മൂറോൻ തൈലത്തിൽ ലഭ്യമാകുന്നതിലേക്കുള്ള പ്രാർത്ഥനകൾ നടത്തും. രഹസ്യ പ്രാർത്ഥനകളുടെ സമയം ഭക്തജനങ്ങൾ കുറിയേലായിസോൻ എന്ന് ചൊല്ലിക്കൊണ്ടിരിക്കും.

തുടർന്ന് മഹാപുരോഹിതൻ മൂറോൻ വാഴ്ത്തുകയും 'ഹൗദ് മാലാഖേ' എന്ന ക്രമം ചൊല്ലി ആഘോഷിക്കുകയും ചെയ്യുന്നതോടെ ദീർഘമായ ശുശ്രൂഷയുടെ പ്രധാന ഭാഗം അവസാനിക്കുന്നു.

തുടർന്ന് മഹാപുരോഹിതൻ സിംഹാസനത്തിൽ ആരൂഢനാവുകയും അർക്കദിയാക്കോൻ ജനങ്ങൾക്ക് മംഗളങ്ങൾ നേരുകയും ചെയ്യുന്നു. ജനങ്ങൾ മൂറോൻ പാത്രത്തിൽനിന്ന് അനുഗ്രഹങ്ങൾ പ്രാപിച്ചതിനുശേഷം മൂറോൻ പാത്രം ത്രോണോസിൽ വയ്ക്കുന്നു.

തുടർന്ന് നമസ്കാരങ്ങൾ പൂർത്തീകരിച്ച് വി. കർബാന ആരംഭിക്കുന്നു.

വി. കർബാനാനന്തരം കബറിങ്കലുള്ള ധൂപപ്രാർത്ഥനയോടെ ചടങ്ങുകൾ അവസാനിക്കും.

# വചനത്തിൻെറ സുവർണ്ണം പ്രകാശനം ഇന്ന്

കോട്ടയം: പരിശുദ്ധ ബസേലിയോസ് മാത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസുകൊണ്ട് വൈദികനായിരുന്ന കാലഘട്ടത്തിൽ തയ്യാറാക്കിയ 52 ഞായറാഴ്ചകളിലെ വി. കർബാന മദ്ധ്യേയുള്ള പ്രഭാഷണങ്ങൾ(വചനത്തിൻെറ സുവർണ്ണം) നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറീലോസ് മെത്രാപ്പോലീത്താ മൂറോൻ കൂദാശാനന്തരം നടക്കുന്ന ചടങ്ങിൽവച്ച് പ്രകാശനം ചെയ്യുന്നതാണ്.

മലയാള മനോരമ ചീഫ് എഡിററർ കെ. എം. മാത്യു പുസ്തകത്തിൻെറ ആദ്യകോപ്പി ഏറ്റുവാങ്ങും.

50 രൂപാ വിലയുള്ള ഈ പുസ്തകം പ്രകാശന ദിവസം 40 രൂപക്ക് ലഭിക്കുന്നതാണ്.

പ്രകാശനാനന്തരം മാത്രമെ പുസ്തകം വിതരണത്തിനു ലഭിക്കുകയുള്ളു എങ്കിലും ആവശ്യമുള്ളവർ മുൻകൂട്ടി ഹെറാൾഡ് കൗണ്ടറിൽ പണമടച്ച് കോപ്പികൾ ഉറപ്പു വരുത്തേണ്ടതാണ്.

മലങ്കര ഓർത്തഡോക്സ് ഹെറാൾഡ് വാരികയുടെ അഞ്ചാം ഷഷ്ടിപൂർത്തി... 


## ഹെറാൾഡ്

വരിസംഖ്യ പുതുക്കുവാൻ! പുതിയ വരിക്കാരനാകുവാൻ!

ഇവിടെ തുറന്നിട്ടുള്ള കൗണ്ടർ നിങ്ങളുടെ സേവനത്തിനെത്തുന്നു

നിരക്കുകൾ

| | | |
|---|---|---|
| 1 വർഷം | — | 50 രൂപാ |
| 2 ,, | — | 100 രൂപാ |
| ആയുഷ്ക്കാലം | — | 1000 രൂപാ |

ഉപകാരസ്മരണ

ഒരു ചിത്രം — 75 രൂപാ

# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ

## വ്യക്തിയും സഭാനാഥനും

(ഡോ. സാമുവൽ ചന്ദനപ്പള്ളി)

**ഇരുപതാം നൂററാണ്ടിൽ മലങ്കര ഓർത്തഡോക്സ് സഭ ആത്മീയ ജ്യോതിസ്സുകൾക്കും അല്പമായ പ്രതിഭകൾക്കും ജന്മം നൽകിയിട്ടുണ്ട്. യഥാർത്ഥ നേതൃത്വം എന്തെന്ന് സ്വജീവിതത്തിലൂടെ പ്രാവർത്തികമാക്കിയ ആ ധന്യാത്മാക്കൾ സഭയെ ചൈതന്യധന്യമാക്കി. പ്രതിബന്ധങ്ങളിലും പ്രതിസന്ധികളിലും പ്രകാശഗോപുരങ്ങളെപ്പോലെ വർത്തിച്ച സഭാപിതാക്കന്മാരുടെ ജീവധാര തലമുറയിൽനിന്ന് തലമുറയിലേക്ക് പ്രവഹിക്കുന്നു. ജീവിതം കർമ്മനിരതവും ധർമ്മോന്മുഖവുമായിരിക്കണമെന്ന് അവർ പഠിപ്പിച്ചു. പ്രാർത്ഥനാനിരതരും പരിപക്വമാനസരും ആയ അവർ സത്യവിശ്വാസ സംരക്ഷകരായിരുന്നു. പ. പരുമല മാർ ഗ്രിഗോറിയോസ് തിരുമേനി, വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ്, മാർ ബസേലിയോസ്, ഗീവർഗീസ് ദ്വിതീയൻ ബാവാ മാർ ബസേലിയോസ് ഔഗൻ പ്രഥമൻ ബാവാ എന്നിവരുടെ ചിത്രവും ചരിത്രവും സഭാന്വേഷകർക്ക് പ്രചോദകമാണ്. അവരുടെ ഗണത്തിലേക്ക് സ്വന്തം പ്രകാശവുമായി കടന്നു വന്ന സഭയുടെ പൗരുഷമാണ് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ.**

കോട്ടയം വട്ടക്കുന്നേൽ കുര്യൻ കത്തനാരുടെയും ഒളശ്ശ പുളിക്കപ്പറമ്പിൽ മറിയാമ്മയുടെയും പുത്രനായി 1907 മാർച്ച് 27-ാം തീയതി അദ്ദേഹം ജനിച്ചു. സ്വന്തം തറവാടിന് സമീപമുള്ള എം. ഡി. സെമ്മിനാരിയിലും, ക്രൈസ്തവ മിഷ്യനറിമാരുടെ കരപരിലാളനത്തിൽ ജന്മംകൊണ്ട സി. എം. എസ്. കോളജിലും വിദ്യാഭ്യാസത്തിന്റെ പ്രഥമഘട്ടം പൂർത്തീകരിച്ചു. ഈ സാഹചര്യത്തിൽനിന്ന് പലതും മനസ്സിലാക്കുക മാത്രമല്ല, ഉൾക്കൊള്ളുകകൂടി ചെയ്തു. ആദ്ധ്യാത്മികത നിറഞ്ഞുനിന്ന ഭവനാന്തരീക്ഷവും, ക്രൈസ്തവ ദൗത്യത്തിന്റെ പ്രകാശഗോപുരങ്ങളായ വിദ്യാകേന്ദ്രങ്ങളും കുട്ടച്ചൻ എന്ന ഓമനപ്പേരിലറിയപ്പെട്ടിരുന്ന മാത്യൂസിന്റെ ദർശന ചക്രവാളത്തെ വികസ്വരമാക്കിയ ഘടകങ്ങളാണ്. തിരുവനന്തപുരം മഹാരാജാസ് കോളേജിൽ കെമിസ്ട്രി ബി.എ. വിദ്യാർത്ഥിയായി ചേർന്നു പഠനമാരംഭിച്ചപ്പോൾ മനസ്സിൽ താലോലിച്ചു വളർത്തിയിരുന്ന ഏക ആഗ്രഹം ഒരു ഡോക്ടറാകുക എന്നതായിരുന്നു. മദ്രാസിൽ പോയി പരീക്ഷയെഴുതിയെങ്കിലും പരീക്ഷണശാലയിൽ പരാജയപ്പെട്ടു. മെഡിക്കൽകോളജ് പ്രവേശനം ഒരു വിദൂര സ്വപ്നമായി കലാശിച്ചു. അതു് മാത്യൂസിന്റെ മാർഗമല്ലെന്ന് ഒരു തോന്നൽ. പിന്നെന്താണ് തന്റെ മാർഗ്ഗം? 21-ാം വയസ്സിൽ കെമിസ്ട്രിയിൽ ബി. എ. ബിരുദവും നേടിക്കൊണ്ട് വീട്ടിൽ തിരിച്ചെത്തിയ അദ്ദേഹം, ഏകനായി ഏകാന്തതയിൽ, വായനയുടെ ലോകത്തിൽ കഴിഞ്ഞു. എം. ഡി. സെമിനാരിയിൽനിന്നും ഉയരുന്ന മണിനാദവും ആരാധനാഗീതങ്ങളും ആത്മാവിൽ അനിർവചനീയമായ ഒരനുഭൂതിയുടെ തരംഗ പരമ്പരകളായി ഒഴുകിയെത്തി. ജ്യേഷ്ഠന്റെ നിർദ്ദേശാനുസരണം, സുറിയാനി ഭാഷാപഠനത്തിനു കുറെ സമയം ചെലവഴിക്കാൻ മാത്യൂസ് തീരുമാനമെടുത്തു. ഒരു പുതിയ ഭാഷയും സാഹിത്യവും സ്വാംശീകരിക്കാമല്ലൊ. ക്രൈസ്തവ യോഗികളുടെ ജീവിതവും ദർശനവും പ്രതിഫലിക്കുന്ന അമൂല്യഗ്രന്ഥശേഖരത്തിലേക്ക് പ്രവേശിക്കാൻ ഒരു കൈത്തിരി. ക്രൈസ്തവ യോഗിവര്യന്മാരുടെ പ്രാർത്ഥനകളും ധ്യാനങ്ങളും ഗീതങ്ങളും, സുറിയാനി ഭാഷയിൽനിന്നും തർജ്ജമ ചെയ്ത് ചൊല്ലി കേൾപ്പിച്ചിരുന്ന പിതാവിൽനിന്ന് സുറിയാനി ഭാഷയെക്കുറിച്ച് മാത്യൂസ് കേട്ടിരുന്നു. അക്കാലത്തെ പ്രശസ്ത മല്പാനായിരുന്ന ചെറിയമഠത്തിൽ സ്കറിയാ കത്തനാരെ ഗുരുവായി വരിച്ചു. മാങ്ങാനത്ത് അദ്ദേഹം താമസിച്ചിരുന്ന എബനേസർ ദയറായിൽ എല്ലാ സായം സന്ധ്യകളിലും മാത്യൂസ് ചെന്നെത്തും. രാത്രിയുടെ യാമങ്ങളിൽ ഗുരുശിഷ്യന് ദേവഭാഷയായ സുറിയാനിയുടെ അമര രഹസ്യങ്ങൾ പകർന്നുകൊടുക്കും. പ്രഭാതത്തിൽ അറിവിൽ നിറവുള്ളവനായി തിരിച്ചുപോരും. അറിവിനുവേണ്ടിയുള്ള ഒരു തീർത്ഥയാത്ര. അതു തുടർന്നുകൊണ്ടിരുന്നു.

കേവലം ഒരു രസത്തിനും മാനസികോല്ലാസത്തിനുംവേണ്ടി ആരംഭിച്ച സുറിയാനി ഭാഷാ പഠനം. മാത്യൂസിന്റെ ജീവിതത്തിന്റെ ഒരു ഭാഗമായി കൽക്കട്ടാ ബിഷപ്സ് കോളജിൽ ബി. ഡി. കോഴ്സ് അക്കൊല്ലമാണ് ആരംഭിച്ചതു്. ഉത്സാഹശീലരും, സമർത്ഥരും ആയ യുവാക്കളെ അങ്ങോട്ടയയ്ക്കാൻ കോളജ് അധികൃതരിൽ നിന്നും അറിയിപ്പു കിട്ടി. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് തിരുമേനിയും പുത്തൻകാവിൽ മാർ പീലക്സിനോസ് തിരുമേനിയും സഭയുടെ ഭാവിവിധാതാക്കളെ അന്വേഷിച്ചു നടന്നിരുന്ന കാലം. ക്രാന്തദർശികളായ ആ പിതാക്കന്മാർ സഭയുടെ ഭാവി നേതാവിനെ, വട്ടക്കുന്നേൽ മാത്യൂസിൽ ദർശിച്ചു. കല്ക്കട്ടായിക്കു പോകാൻ അവർ ആജ്ഞാപിച്ചു. എന്തൊരു ദൈവനിശ്ചയം. ദൈവം തന്നെ എന്തിനോ തിരഞ്ഞെടുക്കുന്നുവെന്നൊരു വിചാരം. ഈ വിളി സ്വീകരിക്കുവാൻ ദൃഢനിശ്ചയം ചെയ്തു. ആ ഇരുപത്തഞ്ചു വയസ്സുകാരൻ ബി. ഡി. വിദ്യാർത്ഥിയായി. പ്രശസ്തമായ നിലയിൽ പാസ്സാകുകയും ചെയ്തു. തിരിച്ചു വീട്ടിലെത്തി. എം. ഡി. സെമിനാരിയിൽ അദ്ധ്യാപകനാകുവാൻ ക്ഷണം ലഭിച്ചെങ്കിലും സ്വീകരിച്ചില്ല. സുറിയാനി ഭാഷയിൽ ഉപരിപഠനത്തിനായി കുറെ സമയം ചെലവഴിച്ചു.

അന്വേഷണാസക്തി മററു വഴിയിലേക്കും തിരിഞ്ഞു. സഭാ ചരിത്രവും വേദശാസ്ത്രവും പ്രിയംകര വിഷയങ്ങളായി സ്വീകരിച്ചു. അതിനൊരു പ്രത്യേക പശ്ചാത്തലമുണ്ടായിരുന്നു. 1942 കാലം. സമുദായക്കേസ് നടക്കുന്ന സന്ദർഭം. പരിശുദ്ധ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയനായിരുന്നു കേസ് നടത്തിപ്പിന്റെ ചുമതല. സഹായത്തിനു് മാനേജർ ഫാ. ററി. സി. ജേക്കബും. രേഖകളും, കാനോനാകളും പരിശോധിക്കാനും പഠിക്കാനും, സെമ്മിനാരിയും സഭയുമായി ഇതിനോടകം അടുത്തുകഴിഞ്ഞിരുന്ന മാത്യൂസിനു് കഴിഞ്ഞിരുന്നു. ഓരോ ദിവസവും ഹാജരാക്കേണ്ട പ്രമാണങ്ങളും സാക്ഷി പട്ടികകളും, ആധാരഗ്രന്ഥങ്ങളും ക്രോഡീകരിക്കുക ഒരു ജീവിതചര്യയായിതന്നെ സ്വീകരിച്ചിരുന്ന നിമിഷങ്ങൾ. എന്തിനധികം. സഭയുടെ ചരിത്രവുമായി, ആത്മാവുമായി സാത്മ്യം പ്രാപിച്ചിരുന്ന ആ യുവാവിനെനോക്കി ഗീവറുഗീസ് ദ്വിതീയൻ ബാവാ ആനന്ദാശ്രുക്കൾ പൊഴിച്ചു. അനുഗ്രഹങ്ങൾ വർഷിച്ചു. ദൈവശാസ്ത്ര വിജ്ഞാനീയത്തിലും സഭാപാരമ്പര്യ ശാസ്ത്രത്തിലും കാനോനിലും മാത്യൂസിനുള്ള അനുപമ വ്യക്തിത്വം എവിടെയും അംഗീകരിക്കപ്പെട്ടു. 37-ാം വയസ്സിൽ മലങ്കരസഭ മാനേജിംഗ് കമ്മററിയിലംഗമായിത്തീർന്നു. അവൈദികനായിരിക്കെത്തന്നെ എം. ഡി. വൈദിക സെമിനാരിയിൽ അദ്ധ്യാപകനായി നിയോഗിക്കപ്പെട്ടു. തുടർന്നങ്ങോട്ട് ദൈവത്തിന്റെ അദൃശകരങ്ങൾ അദ്ദേഹത്തെ വഴിനടത്തി, വട്ടക്കുന്നേൽ മാത്യൂസ് കുര്യൻ ദൈവത്തിന്റെ മുന്തിരിത്തോപ്പിലെ ശുശ്രൂഷകനായിത്തീരാൻ തീരുമാനിച്ചു. 1945-ൽ കോട്ടയം മാർ ഏലിയാ ചാപ്പലിലെ വി. മദ്ബഹായിൽവച്ച് അദ്ദേഹം ശെമ്മാശുപട്ടം ഏററുവാങ്ങി. വൈദിക പഠനം എല്ലാം ഇതിനോടകം പൂർത്തീകരിച്ചിരുന്ന മാത്യൂസ് ശെമ്മാശനു് 1947 ഒക്ടോബർ 27-നു് കോട്ടയം മാർ ഏലിയാ ചാപ്പലിൽ വച്ച് കശ്ശീശാ പട്ടവും നൽകി. പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവയാണ്. അദ്ദേഹത്തെ വൈദിക പദവിലേക്ക് പിടിച്ചുകയററിയതു്. സ്വയം പ്രകാശിക്കുവാനും മററുള്ളവരെ പ്രകാശിപ്പിക്കുവാനും പ്രതിബദ്ധനായിത്തീർന്ന അദ്ദേഹം, പ്രഭാഷണങ്ങളിലൂടെയും പ്രബന്ധങ്ങളിലൂടെയും സഭയുടെ സമഗ്ര പുരോഗതിക്ക് ഉതകുന്ന നൂതന മാനങ്ങൾ ചൂണ്ടിക്കാട്ടി, ഈ കാലഘട്ടത്തിൽ അദ്ദേഹം നടത്തിയ ഒരു പ്രഭാഷണം പ്രത്യേക പരാമർശം അർഹിക്കുന്നു.

വട്ടക്കുന്നേൽ വി. കെ. മാത്യുകശ്ശീശാക്ക് സ്വതന്ത്ര ഭാരതത്തിലെ ക്രൈസ്തവ സഭയുടെ രൂപഭാവങ്ങളെക്കുറിച്ച് വ്യക്തവും സുദൃഢവുമായ കാഴ്ചപ്പാടുണ്ടായിരുന്നു. 'ഭിന്നിച്ചാൽ വീണുപോകും, സന്ധിച്ചാൽ നിലനില്ക്കും'—ഇതായിരുന്നു അദ്ദേഹത്തിന്റെ ചിന്താഗതി. 1947-ൽ സിറിയൻ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ വാർഷിക സമ്മേളനത്തിൽ ചെയ്ത ചിന്തോദ്ദീപകമായ പ്രസംഗം, ഈ വീക്ഷണത്തിന്റെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്നു. നാല്പതു വർഷങ്ങൾക്ക് മുൻപ് ചെയ്ത ആ പ്രഭാഷണം ഇന്നും സത്യത്തിന്റെ സൗരഭ്യം ഉൾക്കൊള്ളുന്നു. മൂന്നുഭാഗങ്ങളുള്ള പ്രഭാഷണത്തിന്റെ പ്രഥമഭാഗം; ഇൻഡ്യയിൽ ക്രൈസ്തവസഭകളുടെ നേർക്ക് പൊതുവെ പ്രകടമാകുന്ന അവജ്ഞയുടെ അടിസ്ഥാനകാരണം കണ്ടെത്താൻ ശ്രമിക്കുന്നു. അദ്ദേഹം ചൂണ്ടിക്കാട്ടുന്ന നാലു കാര്യങ്ങൾ ഇവയാണ്.

1 ക്രിസ്താബ്ദം ഒന്നാം നൂററാണ്ടിൽതന്നെ ക്രിസ്തുമതം ഭാരതത്തിൽ സംസ്ഥാപിതമായെങ്കിലും വളരെ നാളുകൾക്കുശേഷം ഭാരതത്തിൽ പ്രവേശിച്ചിട്ടുള്ള മഹമ്മദുമതം പോലെയെങ്കിലും ഈ മതത്തിനു് ഇവിടെ പ്രാമാണ്യം ലഭിച്ചിട്ടില്ല. ഇൻഡ്യൻ ഹസ്തങ്ങളിൽ കൂടി പ്രചരിപ്പിക്കപ്പെടുന്നതിനു പകരമായി കാലാകാലങ്ങളിൽ ഇവിടെ ആഗതരായിട്ടുള്ള വിദേശീയ മിഷ്യനറിമാരാൽ ഇൻഡ്യയിലെ സഹസ്രങ്ങൾക്ക് പ്രദാനം ചെയ്യപ്പെട്ടതിനാൽ വിദേശീയ മതമെന്നുള്ള സംജ്ഞ ഇതിനു് പ്രകൃത്യാ വന്നുകൂടി. പൗരസ്ത്യദേശത്തു് ഉൽഭവിച്ച്, പൗരസ്ത്യ സംസ്കാരത്തിന്റെ തണലിൽ വളർന്ന ഒരു മതമാണെന്നു പോലുമുള്ള ചിന്ത വിട്ടിട്ട് ഇതിന്നു ഒരു വൈദേശിക മുദ്ര ലഭ്യമായതു വാസ്തവത്തിൽ നിർഭാഗ്യകരമായിരിക്കുന്നു. പാശ്ചാത്യ മിഷ്യൻ സമൂഹങ്ങൾക്കു പകരം പൗരസ്ത്യ ഹൃദയങ്ങളിൽക്കൂടി ഈ മത തത്വങ്ങൾ ഇൻഡ്യൻ ഹൃദയങ്ങളിലേക്കു വിനിമയം ചെയ്യപ്പെട്ടിരുന്നെങ്കിൽ ഇപ്രകാരം ഒരു ബഹിഷ്കരണത്തിനു് ഇടയാകുകയില്ലായിരുന്നു.

2 കൂടാതെ വിദേശ മേധാവിത്വത്തെ എപ്പോഴും സഹിഷ്ണത കൂടാതെ മാത്രമെ ഏതു രാജ്യത്തുമുള്ള ഭരണീയർ വീക്ഷിച്ചിട്ടുള്ളു. ബ്രിട്ടീഷ് മേൽക്കോയ്മയുടെ ഇവിടുത്തെ ഭരണം എത്രതന്നെ ആദർശപരമായിരുന്നുവെന്നു കരുതിയാൽ പോലും സ്വാതന്ത്ര്യ തൃഷ്ണയുള്ള ഒരു രാഷ്ട്രത്തിനു് ഒരു കാലത്തും സഹിഷ്ണതയോടുകൂടി അതിനെ വീക്ഷിക്കുവാൻ കഴിയുകയില്ല. മതകാര്യങ്ങളിൽതന്നെ വൈദേശിക ബന്ധം ദുസ്സഹമായിത്തീർന്നിരിക്കുന്ന ഒരു കാലഘട്ടത്തിലാകുന്നു നാം ജീവിക്കുന്നതു്. അതിനാൽ വിദേശ മേധാവിത്വത്തോട്

പ്രതിവാരപ്രഭാഷണത്തിന്, ഉചിതമായ തലക്കെട്ട് നല്കുക (Headings) പ്രസക്ത വേദഭാഗം അവതരിപ്പിക്കുക, അതിൻെറ വാച്യവും വ്യംഗ്യവും വിശദമാക്കുക; അവസാനം സമകാലീന ജീവിതവുമായി ബന്ധപ്പെടുത്തി വിമർശനം നടത്തുക, ഈയൊരു രീതിയാണ് ലേഖകൻ സ്വീകരിച്ചിരിക്കുന്നത്. തലക്കെട്ടുകൾ തന്നെ വിചാരരമണീയങ്ങളാണ്. ഏതാനും മാതൃകകൾ കാണുക:

1 ശാന്തി നികേതനത്തിലേക്കുള്ള ജൈത്രയാത്ര, 2 ക്രിസ്തീയ ജീവിതത്തിൻെറ വിജയ വൈജയന്തി, 3 ജീവജലത്തിൻെറ നീരുറവ, 4 ത്യാഗ ജീവിതരംഗത്തിലേക്ക് മനുഷ്യപുത്രൻെറ ക്ഷണം, 5 സ്വർഗ്ഗീയ മഹിമകളുടെ സിദ്ധി. 6 ഒരു നൂതനസൃഷ്ടിയുടെ പ്രാരംഭം. 7 ലോകവിഭവത്തോടുള്ള മനോഭാവം. 8 കുരിശില്ലെങ്കിൽ കിരീടവുമില്ല. 9 ഇടവകപട്ടക്കാരൻെറ ചുമതല. 10 സൗഭാഗ്യത്തിൻെറ രഹസ്യമർമ്മം. 11 പരിശുദ്ധാത്മാവിനെതിരായ പാപം. 12 ക്രിസ്തീയ ദീനദയാലുത്വം, 13 നിയന്ത്രണാധീനമായ ജീവിതം. 14 സഭയിൽ വലിയവൻ ആർ. 15 ത്യാഗസന്നദ്ധതയുടെ നീരുറവ. 16 യഥാർത്ഥമായ ആനന്ദാനുഭൂതി.

ശ്രോതാക്കളുടെ ഹൃദയത്തിൽ ആഴത്തിൽ പതിയത്തക്കവിധമാണ് പ്രഭാഷണത്തിൻെറ സംവിധാനം. വിമർശനം നടത്തുന്ന സന്ദർഭത്തിൽ ഓർത്തഡോക്സ് വിശ്വാസത്തിൻെറ ഉണ്മ ഉയർത്തിക്കാട്ടുന്നതിൽ ഉൽസുകനാണ് അദ്ദേഹം. ഓരോ പ്രഭാഷണത്തിലും ഉന്നയിച്ചിരിക്കുന്ന ആശയങ്ങൾക്ക് കാലം പരിക്കേല്പിച്ചിട്ടില്ല. ആത്മാർത്ഥതയും ആർജ്ജവത്വവും അദ്ദേഹത്തിൻെറ ഗദ്യശൈലിയുടെ മുഖമുദ്രയാണ്. ലേഖനങ്ങളിൽ നിന്ന് മാതൃകയ്ക്കായി ചില ഭാഗങ്ങൾ ചൂണ്ടിക്കാട്ടുന്നു.

1 'കുരിശാരോഹണം തൻെറ വത്സല ശിഷ്യന്മാരെപ്പോലും നിരാശപ്പെടുത്തി. വിശ്വാസത്യാഗത്തിനു പ്രേരിപ്പിച്ചു. പത്രോസ് കർത്താവിനെ തള്ളിപ്പറഞ്ഞതു കൂടാതെ വലയുമേന്തി പഴയ ലാവണത്തിലേക്കു പിന്തിരിയുകയും ചെയ്തു. പുനരുത്ഥാനം അവരെ സന്തോഷഭരിതരാക്കി. നവചൈതന്യം അവർക്കു സിദ്ധിച്ചു അവർക്കു മാത്രമല്ല, ലോകത്തിനു മുഴുവൻ അതു് ആശാകിരണങ്ങളെ വീശിയിരിക്കുന്നു. മനുഷ്യജീവിതം മന്നിൽവച്ച് അവസാനിക്കുന്നില്ല, നിത്യമായ ഒരു ജീവിതത്തിൻെറ പ്രാരംഭഘട്ടം മാത്രമാകുന്നു അതു്. കേവലം മൺകട്ടയെന്നു വിചാരിക്കപ്പെടുന്ന മനുഷ്യശരീരം കേവലം മൺകട്ടയല്ല, ചിത്രശലഭം കണക്കെ അതു രൂപാന്തരപ്പെട്ടു സ്ഥലകാല പരിധികളെ അതിലംഘിച്ചു ജീവിക്കേണ്ടതാകുന്നു. ഇത്യാദി വാസ്തവങ്ങൾ പുനരുത്ഥാനം, ലോകത്തിന് പ്രദാനം ചെയ്തിട്ടുണ്ട്. മനുഷ്യപ്രകൃതം ദൈവവുമായി സംയോജിച്ചാൽ ഉണ്ടാകുന്ന അഭ്യുന്നതി എന്തെന്നു പുനരുത്ഥാനം നമ്മെ പഠിപ്പിക്കുന്നു. ഭൗമിക മണ്ഡലങ്ങളെ പരിത്യജിച്ചിട്ട് ആത്മിക മണ്ഡലങ്ങളിൽ വിഹരിക്കുന്നതിനുള്ള കഴിവും ശക്തിയും നമുക്കു പ്രദാനം ചെയ്യുന്നു. (പുനരുത്ഥാനം–ക്രിസ്തീയ ജീവിതത്തിൻെറ വൈജയന്തി).

2 'ജീവിതത്തിൻെറ നാനാവശങ്ങളെ ആരാഞ്ഞു വീക്ഷിക്കുമ്പോൾ നമ്മുടെ ജീവിതത്തിൽ നാം ദൈവത്തിനു യാതൊരു സ്ഥാനവും നൽകിയിട്ടില്ലെന്നു വ്യക്തമാകുന്നതാണ്. കച്ചവടക്കാരൻ അമിത ലാഭം എടുത്തു കൊണ്ടു കച്ചവടം നടത്തുന്നു. ഭരണാധികാരി അധികാരമുപയോഗിച്ച് അനീതി നടത്തുന്നു. ന്യായാധിപൻ കോഴ വാങ്ങി ന്യായം മറച്ചു കളയുന്നു. അഡ്വോക്കേറ്റു സത്യത്തെ ഗോപനം ചെയ്തുകൊണ്ടു അസത്യം സത്യമാക്കുവാൻ ശ്രമിക്കുന്നു. പോലീസുകാരൻ തിരശ്ശീലക്കുള്ളിൽ സാധുക്കളെ മർദ്ദനം ചെയ്യുന്നു. ആചാര്യൻ അഹോവൃത്തിക്കുവേണ്ടി പൂജ കഴിക്കുന്നു. അഹോ ജീവിതവും ദൈവവുമായുള്ള പൊരുത്തം എത്രയോ തുച്ഛം. ദൈവമാകട്ടെ ജീവിതത്തിൻെറ വിവിധ പ്രവർത്തനരംഗങ്ങളിലും തനിക്കു പ്രധാന സ്ഥാനം കൊടുക്കണമെന്നു കല്പിച്ചിരിക്കുന്നു. ക്രിസ്തുവിനെ സേവിക്കുന്നതിനു കുടുംബം വിഘാതമായി നില്ക്കുന്നുവെങ്കിൽ ക്രിസ്ത്യാനി അതിനെ ഉപേക്ഷിക്കണം. തൊഴിലുകളിൽ നീതിയും സത്യവും പാലിക്കുന്നതിനു പ്രയാസമെങ്കിൽ തൊഴിലുകളെ ഉപേക്ഷിക്കുന്നതിനു സന്നദ്ധരാകണം. അധികാരം യഥായോഗ്യം ഉപയോഗിക്കുന്നതിനു പ്രയാസമെങ്കിൽ അതിനേയും ഉപേക്ഷിക്കണം. ഈവക ത്യാഗങ്ങൾ മനുഷ്യന് മനഃപ്രയാസവും ശരീരക്ലേശങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാക്കുന്നു. സത്യത്തിനും നീതിക്കും വേണ്ടി നിൽക്കുന്നവൻ അഭിമുഖീകരിക്കേണ്ട സങ്കടങ്ങളും യാതനകളും അമിതമാകുന്നു. 'തൻെറ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കാത്തവൻ എനിക്കു യോഗ്യനല്ല'–ക്രിസ്തീയ ജീവിതം യഥാർത്ഥമായി നയിക്കണമെന്നു വിചാരിക്കുന്നവനു അതൊരു കുരിശു തന്നെയാണ്. ക്രിസ്തുവിനെ അനുഗമിക്കുമ്പോൾ വഹിക്കേണ്ടി വരുന്ന കഷ്ടപ്പാടുകളാകുന്ന കുരിശുകൾ എടുപ്പാൻ സന്നദ്ധനാകാത്തവനാരും സ്വർഗ്ഗരാജ്യത്തിനു യോഗ്യനല്ല.' (കുരിശില്ലെങ്കിൽ കിരീടവുമില്ല).

3 അഹംഭാവവും, സഹോദര വിദ്വേഷവും സ്വയം നീതീകരണവും കുറ്റാരോപണവും യഹൂദനു മാത്രമല്ല, യഥാർത്ഥത്തിൽ നമുക്കേവർക്കുമുള്ള കുറവുകളാണ്. ജീവിതത്തിൻെറ ക്ഷണികതയെ നാം മനസ്സിലാക്കാതെ ഈ വാസം സ്ഥിരമെന്നുള്ള നിലയ്ക്കു ഭാവിയിലേക്കു നാം പ്ലാൻ ചെയ്യുന്നു. യഹൂദ വർത്തകനെപ്പോലെ പണസമ്പാദനത്തിനുവേണ്ടി നാം ഉപയോഗിക്കുന്ന മാർഗ്ഗങ്ങൾ വിഹിതമോ? നമുക്കു മുൻപായി ലോകം വിട്ടുപോയിട്ടുള്ള ലക്ഷോപലക്ഷങ്ങളുടെ അനുഭവം സന്മാർഗ്ഗത്തിലേക്കു നമ്മേ നയിക്കുന്നില്ല. ജീവിതം 'അല്പനേരത്തേക്കു കാണുന്നതും, പിന്നെ മറഞ്ഞു പോകുന്നതുമായ 'ആവി'യെന്നു യാക്കോബു ശ്ലീഹായെപ്പോലെ നാമും പറയാറുണ്ടെങ്കിലും നമ്മുടെ സമ്പാദന മാർഗ്ഗങ്ങൾ കാണുമ്പോൾ ജീവിതമിവിടെ വച്ച് ഒരിക്കലും അസ്തമിക്കുകയില്ലെന്നു തോന്നിപ്പോകും. നാം സമ്പാദിക്കുന്ന ധനം നിത്യമായി നിലനില്ക്കുന്ന 'സ്വർഗ്ഗത്തിലെ നിക്ഷേപമല്ല' പ്രത്യുത ദ്രവിച്ചു പോകുന്ന ദ്രവ്യവും പുഴുവരിച്ചു കളയുന്ന വസ്ത്രാലങ്കാര വിഭൂഷകളുമത്രേ. അതും നമ്മുടെ അക്രമപ്രവർത്തികളായ കറകൾ കൊണ്ടു മലിനവുമാകുന്നു. നിലങ്ങളെ കൊയ്ത വേലക്കാരുടെ കൂലി പിടിച്ചും, നീതിമാനെ കുറ്റം വിധിച്ചു കൊന്നും നാം ധനമുണ്ടാക്കുന്നു. അവരുടെ മുറവിളി സൈന്യങ്ങളുടെ യഹോവയുടെ ചെവിയിൽ എത്തിയിരിക്കുമ്പോൾ തന്നെ നാമും ഭൂമിയിൽ ആഡംബരത്തോടെ സുഖിച്ചു പുളച്ചു കൊലദിവസത്തിലെന്നപോലെ നമ്മുടെ ഹൃദയത്തെ പോഷിപ്പിക്കുന്നു.' (അനുതാപത്തിൻെറ ആവശ്യകത)

4 'ക്രിസ്ത്യാനികളായ നാം വാഗ്ദത്ത ദേശമായ സ്വർഗ്ഗീയ കനാനിലേക്കു പ്രയാണം ചെയ്യുന്ന തീർത്ഥയാത്രക്കാരാകുന്നു. ആ ദേശമോ നമുക്കു ദൃശ്യമാകാതെ വിദൂരമായി സ്ഥിതിചെയ്യുന്നു. ആ ദേശത്തേക്കുള്ള നമ്മുടെ യാത്ര അബ്രഹാമിനെപ്പോലെ സ്വന്തമായ സകലത്തേയും ത്യജിച്ചു കൊണ്ടുള്ള ഒരു യാത്രയായിരിക്കണം. നമ്മുടെ ഭവനം, സ്വന്തക്കാർ, സ്വന്തദേശം, ഇവയൊക്കെ പരിത്യജിച്ചിട്ടുള്ളവനല്ലാതെ ആ ദേശത്തെ അവകാശമാക്കുകയില്ല. (പരിപൂർണ്ണവിശ്വാസത്തിൻെറ മഹനീയ മാതൃക).

5 'പാപം ചെയ്യുന്നവൻ പിശാചിൻെറ മകനാകുന്നു. ദൈവത്തിൻെറ മക്കളും പിശാചിൻെറ മക്കളും തമ്മിലുള്ള വ്യത്യാസം പാപരഹിതമായ ജീവിതമത്രെ. അതു ദൈവത്തിൻെറ മക്കളെ പിശാചിൻെറ മക്കളിൽനിന്നു വേർതിരിച്ചു കാണിക്കുന്നു. പാപരഹിതമായ ജീവിതം നാം നയിക്കുന്നതു നമ്മുടെ മാനസികമായ എന്തെങ്കിലും ബാദ്ധ്യത കൊണ്ടല്ല, പ്രത്യുത ദൈവത്തിൻെറ ബീജം നമ്മിൽ സ്ഥിതിചെയ്യുന്നതിനാലത്രെ. 'ദൈവത്തിൽനിന്നു ജനിച്ചവരാരും പാപം ചെയ്യുന്നില്ല. അവൻെറ ബീജം അവനിൽ വസിക്കുന്നു. ദൈവത്തിൽനിന്നു ജനിച്ചതിനാൽ അവനു പാപം ചെയ്യുവാൻ കഴികയില്ല'. (ധാർമ്മിക പരിവർത്തനം)

6 'ദൈവം നമുക്കു ഓരോ തരത്തിലുള്ള ശക്തികൾ നല്കിയിട്ടുണ്ട്. ബുദ്ധിശക്തി, ആത്മശക്തി, പ്രതാപം, ധനം, കായികശക്തി, വിജ്ഞാനം, സ്ഥാനമാനങ്ങൾ എന്നിവയെല്ലാം ദൈവദത്തമായ ദാനങ്ങളാകുന്നു. അങ്ങിനെയുള്ള ശക്തികളെ മറ്റുള്ളവരുടെ വിനാശത്തിനല്ല, നന്മയ്ക്കായി ഉപയോഗിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു. നാം അവയെ എങ്ങിനെ ഉപയോഗിക്കുന്നുവെന്നു ചിന്തിച്ചു നോക്കുക' (പരോപകാരവ്രതം)

പ്രായത്തിൽ കവിഞ്ഞ പക്വതയും ദർശനവിശേഷങ്ങളും സ്വായത്തമാക്കിയിരുന്ന ഫാ. വി. കെ. മാത്യൂസിനെ 1950–ൽ ഓർത്തഡോക്സ വൈദികസിമ്മനാരിയുടെ പ്രിൻസിപ്പലായി നിയമിച്ചു. സുശിക്ഷിതരും സുസമ്മതരുമായ വൈദികരുടെ നിര, സഭയുടെ ശക്തിദുർഗ്ഗമാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. സ്വഭാവശുദ്ധിയും മൂല്യബോധവും, വിജ്ഞാനകൗതുകവും, വിദ്യാഭ്യാസ യോഗ്യതയുമുള്ള വൈദികരെ വാർത്തെടുക്കുന്ന മൂശയായിരിക്കണം സെമ്മിനാരിയെന്ന് പുതിയ പ്രിൻസിപ്പൽ ആവർത്തിച്ചാവർത്തിച്ചു പ്രഖ്യാപിച്ചു. തദനുസരണം പാഠ്യപദ്ധതിയും ശിക്ഷണരീതിയും സംവിധാനം ചെയ്തു. അച്ചടക്കത്തിനും ആത്മവിശുദ്ധിക്കും അമിതപ്രാധാന്യം നൽകി. ഒരു വൈദിക കോളജിൻെറ അന്തസ്സും ആഭിജാത്യവും അരക്കിട്ടുറപ്പിക്കാൻ ഫാ. വി. കെ. മാത്യൂസിൻെറ പ്രവാചകപ്രതിഭയ്ക്കു കഴിഞ്ഞു. വൈദിക സെമ്മിനാരി പഠനം ഒരഭിമാനവും പദവിയുമായി വൈദികർ കരുതി. ചുരുങ്ങിയ കാലംകൊണ്ട് ഓർത്തഡോക്സ് വൈദിക സെമ്മിനാരിയും അതിൻെറ പ്രിൻസിപ്പലും സഭാംഗങ്ങളുടെയിടയിൽ ശ്രദ്ധേയനായി.

1951 സെപ്റ്റംബർ 21–ാം തീയതി ഫാ. വി. കെ. മാത്യൂസിനു റമ്പാൻ സ്ഥാനം നല്കി. രണ്ടു വർഷം ആ നിലയിൽ തുടർന്നു. 1953 മെയ് 15–ാം തീയതി മലങ്കരസഭയ്ക്കുവേണ്ടി, അഞ്ചു മെത്രാന്മാരെ വാഴിച്ചപ്പോൾ അതിലൊരാൾ മാത്യൂസ് റമ്പാനായിരുന്നു. മാത്യൂസ് മാർ അത്താനാസ്യോസ് എന്ന പേരിലാണ് അദ്ദേഹം അഭിഷിക്തനായത്. വൈദിക സിമ്മനാരി പ്രിൻസിപ്പലായിരുന്ന അദ്ദേഹം 1960–ൽ ബാഹ്യകേരള ഭദ്രാസന മെത്രാപ്പോലീത്തായായി നിയമിതനായി. മദ്രാസ്, ബോംബെ, ഡൽഹി, കൽക്കട്ട, അമേരിക്ക എന്നീ അഞ്ചു ഭദ്രാസനങ്ങൾക്ക് ആധാരശില പാകി. അവയെ സ്വയംപര്യാപ്തതയിൽ എത്തിക്കുവാൻ മെത്രാപ്പോലീത്തായിക്ക് കഴിഞ്ഞു. ചിതറിക്കിടന്ന അജഗണങ്ങളെ സഭാകേന്ദ്രത്തിൻെറ ആലയിലേക്ക് അടുപ്പിച്ചു കൊണ്ടുവരാൻ അസാധാരണ നേതൃത്വമാണ് അദ്ദേഹം നല്കിയത്. ഭദ്രാസനഭരണകാര്യങ്ങളിൽ വ്യാപൃതനായിരുന്നപ്പോഴും വൈദികസെമ്മിനാരിയുടെ പ്രിൻസിപ്പൽ എന്ന നിലയിൽ എല്ലാ കാര്യങ്ങളിലും ദത്താവധാനനായിരുന്നു അദ്ദേഹം. സഭാസംബന്ധമായ സുപ്രധാന സമ്മേളനങ്ങളിൽ അദ്ദേഹത്തിൻെറ അഭിപ്രായം അനർഘവും ആദരണീയവുമായിരുന്നു. മലങ്കരസഭാ വർക്കിംഗ് കമ്മറ്റി ഉപാദ്ധ്യക്ഷൻ, കാതോലിക്കേറ്റ് സ്ക്കൂൾ ബോർഡ് പ്രസിഡൻറ്, എപ്പിസ്ക്കോപ്പൽ കൗൺസിൽ അംഗം, എന്നീ നിലകളിൽ ഇക്കാലങ്ങളിൽ അദ്ദേഹം നല്കിയ സംഭാവനകൾ വിസ്മരിക്കാനാവില്ല.

ചെറുപ്രായത്തിൽതന്നെ ഓർത്തഡോക്സ് വിശ്വാസത്തിൻെറ വീറും വിശുദ്ധിയും സ്വാംശീകരിച്ചിരുന്ന മെത്രാപ്പോലീത്താ അതു് അഭംഗുരം കാത്തുസൂക്ഷിക്കുന്നതിൽ സദാ ജാഗരൂകനായിരുന്നു. അസാധാരണമായ ധിഷണാവൈഭവത്തോടെ പാശ്ചാത്യ പൗരസ്ത്യ ദൈവശാസ്ത്രത്തിൻെറ നിഗൂഢമേഖലകളിലേക്ക് കടന്നുചെന്ന്, സ്വാതന്ത്ര്യവും മൗലികവും ആയ ചിന്തകൾ അവതരിപ്പിച്ചു. നിരന്തരമായ വായനയിലും പഠനത്തിലും നിന്ന് ഉരുത്തിരിഞ്ഞ ഉജ്വലാശയങ്ങൾ സഭയുടെ പ്രതിസന്ധിഘട്ടങ്ങളിൽ പ്രത്യാശാരേഖകളായി പ്രകാശിച്ചു. സഭയുടെ കാനോനുകൾ, വിശുദ്ധ കൂദാശകൾ എന്നിവയെക്കുറിച്ചുള്ള അദ്ദേഹത്തിൻെറ അഭിപ്രായങ്ങൾ ആധികാരികങ്ങളായിരുന്നു. ദാനിയേൽ കേസിലും, കോട്ടയം ജില്ലാക്കോടതിയിലെ സ്പെഷ്യൽ ബഞ്ചിൽ നടന്ന സമുദായക്കേസിലും കാനോൻ വിദഗ്ദ്ധസാക്ഷി എന്ന നിലയിൽ മൊഴി കൊടുത്ത മെത്രാപ്പോലീത്ത നിയമജ്ഞന്മാരുടെയും നീതിപാലകന്മാരുടെയും പ്രശംസയ്ക്ക് പാത്രീഭവിച്ചിട്ടുണ്ട്.

കാതോലിക്കാബാവായുടെ അസിസ്റ്റൻറ് എന്ന നിലയിൽ ഭാരിച്ച ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടിവന്നിട്ടുള്ള സന്ദർഭങ്ങളിൽ മെത്രാപ്പോലീത്ത സുധീര തീരുമാനങ്ങളും നിലപാടുകളും എടുത്തിരുന്നു. ആ അവസരങ്ങളിൽ അദ്ദേഹം അധൈര്യപ്പെട്ടിട്ടില്ല. അസോസിയേഷൻ യോഗങ്ങളിൽ പലപ്പോഴും 'സ്പീക്കർ' സ്ഥാനം വഹിച്ചിരുന്നത് മെത്രാപ്പോലീത്തയാണ്. അസാമാന്യമായ പാടവവും, സംയമനവും സ്വായത്തമാക്കിയിട്ടുള്ള വ്യക്തികൾക്കു മാത്രമേ ഇവിടെ പിടിച്ചു നിൽക്കാൻ കഴിയൂ. ഭിന്നരുചിക്കാരും സ്വഭാവക്കാരുമായ മൂവായിരത്തിൽപരം സഭാപ്രതിനിധികളെ ഏകലക്ഷ്യോന്മുഖമായി ചിന്തിക്കാനും ചലിപ്പിക്കുവാനും മെത്രാപ്പോലീത്തയുടെ ബുദ്ധിവൈഭവത്തിന് സാധിച്ചിരുന്നു. പരിശുദ്ധാത്മാവിൻെറ വരപ്രസാദം ഒന്നുകൊണ്ടു മാത്രമാണ് ഈ പരമാധികാരസഭയെ നിയന്ത്രിക്കാൻ സാധിക്കുന്നതെന്ന് പലപ്പോഴും അദ്ദേഹം അനുസ്മരിപ്പിക്കാറുണ്ട്.

കോട്ടയം പട്ടണത്തിൻെറ ഹൃദയഭാഗത്തുള്ള ഏലിയാ കത്തീഡ്രൽ ആയിരുന്നു ദീർഘനാൾ മെത്രാപ്പോലീത്തായുടെ ആസ്ഥാനം. സഭാചരിത്രവുമായി അവിഭക്തവും അവിസ്മരണീയവുമായ ബന്ധം പുലർത്തുന്ന ആ പുണ്യഭൂമിയെ അദ്ദേഹം ദർശിക്കുന്നതും സ്പർശിക്കുന്നതും ആത്മഹർഷത്തോടുകൂടിയാണ് പഴയ സെമ്മിനാരിയുടെ പടവുകൾ ചവുട്ടിക്കയറിയാണ് ആദ്ധ്യാത്മിക ജീവിതത്തിൻെറ ആദിപാഠങ്ങളിൽ ഉപസ്ഥിതി നേടിയത്. ഏലിയാ കത്തീഡ്രലിൻെറ ഏകാന്തതയിലിരുന്ന് സഭയുടെ സത്യത്തേയും സ്വത്വത്തേയും സർഗ്ഗശക്തിയാൽ സാക്ഷാൽക്കരിച്ചു. അനന്തരം പരിശുദ്ധ പിതാക്കന്മാരുടെ സന്നിധാനത്തിൽ സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ട് ദേവലോകത്ത്

സംഘടിപ്പിക്കപ്പെട്ടിട്ടുള്ളതും അതിന്റെ തണലിൽ വളർന്നിട്ടുള്ളതുമായ ക്രിസ്തു മതത്തെ സഹിഷ്ണുതയോടുകൂടി വീക്ഷിക്കുവാൻ ഭാരതത്തിന് കഴിഞ്ഞിട്ടില്ല.

3 ക്രിസ്തുമത പ്രേഷിതരായ മിഷനറിമാരുടെ ഔന്നത്യഭാവം, സംസ്കാരഭിന്നത, ആകൃതിയിലും പ്രകൃതിയിലുമുള്ള അവസ്ഥാന്തരം ഇവയെല്ലാം ക്രിസ്തുമതത്തെ ഭാരതത്തിൽ സഹിഷ്ണുതയോടുകൂടി വീക്ഷിക്കാതിരിപ്പാൻ സംഗതിയാക്കിയിട്ടുണ്ട്.

4 സന്യാസജീവിതത്തോടുള്ള താല്പര്യം ഇന്ത്യയുടെ മതസഹിഷ്ണുതയോടു ലയിച്ചു കിടക്കുന്ന ഒരു തത്വമാണ്. വീടും കൂടും വിട്ട് ജനപ്രദേശങ്ങളെയും വെടിഞ്ഞ് വനാന്തരങ്ങളെ അഭയം പ്രാപിച്ച് ആയുസ്സു കഴിച്ചിട്ടുള്ള എത്ര എത്ര സന്യാസിമാരെയും ആചാര്യന്മാരെയും ഋഷികളെയുമാണ് ഭാരതം പുറപ്പെടുവിച്ചിട്ടുള്ളത്. ഇൻഡ്യയിൽ ക്രിസ്തുമതം പ്രചരിപ്പിട്ടുള്ള ക്രിസ്തീയ സമൂഹങ്ങൾ ഭാരതീയർക്ക് പ്രണയം തോന്നത്തക്കവിധത്തിലുള്ള സന്യാസജീവിതം നയിച്ചിരുന്നുവെങ്കിൽ ക്രിസ്തുമതം കുറെക്കൂടി ഭാരതത്തിന്റെ ഹൃദയത്തെ ആകർഷിക്കുമായിരുന്നു.''

ദ്വിതീയഭാഗത്തിൽ 'വിദേശമുദ്ര ലഭിച്ചിട്ടുള്ളതും വിദേശ സംസ്കാ'രത്തിലും വേഷത്തിലും വളർത്തപ്പെട്ടിട്ടുള്ളതുമായ മിഷ്യൻ ക്രിസ്ത്യൻ മത'ത്തിന് ഭാരതത്തിൽ കാര്യമായി എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്ന് അദ്ദേഹം സംശയിക്കുന്നു. ദേശീയ സംസ്കാര ധാരയുമായി സാത്മ്യം പ്രാപിക്കുന്ന ഒരു മതത്തിനുമാത്രമേ ഇവിടെ പിടിച്ചു നില്ക്കാൻ കഴിയൂ. ലേഖകന്റെ വാക്കുകൾ ശ്രദ്ധിക്കുക.

1 ''സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടി അതിനെ നവമായി കരസ്ഥമാക്കിയിട്ടുള്ള ഇൻഡ്യയിൽ വിദേശ മേല്ക്കോയ്മയിലും മേധാവിത്വത്തിലും ഇരിക്കുന്ന ഒരു സഭയ്ക്ക് നിശ്ചയമായും സമ്മതി ലഭ്യമാകുമെന്നു പ്രതീക്ഷിക്കുവാൻ നിവൃത്തിയില്ല. അസ്വാതന്ത്ര്യത്തിലിരിക്കുന്ന ഒരു സഭയെപ്പററി എത്ര തന്നെ മററുവിധത്തിലുള്ള ആകർഷണീയതകൾ അതിന് ഉണ്ടായിരുന്നാലും അസ്വാതന്ത്ര്യത്തിലിരിക്കുന്നുവെന്നുള്ള ഒരേ ഒരു കാരണം കൊണ്ടു മാത്രം സ്വതന്ത്രഭാരതീയരുടെ മനസ്സിൽ അവജ്ഞ തോന്നിക്കാവുന്നതാണ്.

2 ഭാരതീയ സംസ്കാരത്തെയും പാരമ്പര്യങ്ങളെയും പരിപാലിക്കുന്ന ഒരു സഭയ്ക്കു വിദേശ സംസ്കാരമുള്ള സഭകളെക്കാൾ അഭിനവ ഭാരതീയരുടെ ഹൃദയത്തെ കവരുവാൻ കഴിയുമെന്നുള്ളതു നിസ്തർക്കമാണ്. ഭാരതം ദേശീയമായ സർവത്തിനും മാററു കല്പിക്കാതിരിക്കുകയില്ല.

3 ഔന്നത്യ ഭാവവും സ്ഥാനമഹിമയും മേധാവിത്വ തൃഷ്ണയും വിട്ടിട്ട് സാഹോദര്യവും സമത്വവും പരിപാലിക്കപ്പെടുന്ന ഒരു സമുദായത്തിനോ സഭയ്ക്കോ മാത്രമേ സ്വതന്ത്രഭാരതത്തിൽ സ്ഥാനമുണ്ടായിരിക്കുകയുള്ളു.

4 അതുപോലെ തന്നെ പൗരസ്ത്യ രീതിയിൽ ഏകമായും സമൂഹമായുമുള്ള സന്യാസജീവിതത്തെ ബഹുമാനിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നതായ ഒരു സമൂഹത്തോടു പ്രാചീനകാലം മുതൽ വനാന്തരങ്ങളിൽ ദൈവസംസർഗ്ഗത്തിൽ ആയുസ്സിനെ കഴിച്ചിട്ടുള്ള മനീശ്വരന്മാരെ സൃഷ്ടിച്ചിട്ടുള്ള ഭാരതം ആദരവുകൾ കാണിക്കാതിരിക്കുകയില്ല.

5 ഭാരതീയ മനസ്സിനു ഇണക്കം വരുന്നതായ പൗരസ്ത്യമായ ആരാധനാരീതികളും ഭാരതം സ്വാഗതം ചെയ്യാതിരിക്കുകയില്ല. പാശ്ചാത്യ രീതിയിലുള്ള ആരാധനാ സമ്പ്രദായങ്ങൾ പൗരസ്ത്യ ഇൻഡ്യയിൽ ആകൃഷ്ടമായിരിക്കുമെന്നു തോന്നുന്നില്ല.'

ഈ മാനദണ്ഡം വച്ചുകൊണ്ട്. ഇൻഡ്യയിൽ പ്രവർത്തിക്കുന്ന വ്യത്യസ്ത ക്രൈസ്തവ സഭാ വിഭാഗങ്ങളെ വിലയിരുത്തുന്ന ലേഖകൻ, ഓരോന്നിന്റെയും ന്യൂനതകൾ അക്കമിട്ട് ചൂണ്ടിക്കാട്ടുന്നു. അവസാനം അദ്ദേഹം എഴുതുന്നു' വിദേശമേധാവിത്വത്തിനെതിരായി അനേകം കൊല്ലങ്ങൾ അനവരതം പോരാടി സ്വാതന്ത്ര്യപദവിയിലേക്ക് എത്തിച്ചേർന്ന ഇൻഡ്യ വിദേശമേധാവിത്വത്തിനെതിരായി പോരാട്ടം നടത്തി സ്വാതന്ത്ര്യം പ്രാപിച്ചിട്ടുള്ള കാതോലിക്കാ സിംഹാസനത്തെ ആദരവോടുകൂടിത്തന്നെ വീക്ഷിക്കുമെന്നുള്ളതു നിസ്തർക്കമാണ്.'

സ്വതന്ത്രഭാരതത്തിൽ പ്രവർത്തിക്കുന്ന മലങ്കര ഓർത്തഡോക്സ് സഭ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളാണ് തൃതീയഭാഗത്തിലെ പ്രതിപാദ്യം. പ്രസക്ത ഭാഗങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

1 സ്വതന്ത്രമായ അഖില ഭാരത സംഘടനയിൽ അന്യോന്യം ഭിന്നിച്ച് പ്രവർത്തനം നടത്തുന്ന ക്രിസ്തീയ സഭകൾ ഉണ്ടായിരിക്കുന്നത് ക്രൈസ്തവ ധർമ്മത്തിന്റെ നാരായവേരു മുറിച്ചുകളയുന്ന ഒരു കാര്യമാകുന്നു. അതിനാൽ വിവിധ സഭകൾ തമ്മിലുള്ള ഐക്യം സാധിക്കേണ്ടതാണ്. 'ഭിന്നിച്ചാൽ വീണുപോകും. സന്ധിച്ചാൽ നിലനില്ക്കും' എന്നുള്ള തത്വം വിസ്മരിക്കരുത്. ഭാരതത്തിലെ, ഇതരക്രൈസ്തവ സഭകളുമായുള്ള വേഴ്ചയ്ക്ക് വേണ്ടി ആത്മാർത്ഥമായി പരിശ്രമിക്കണം.

2 നാം പ്രസംഗിക്കുന്നതിനും പ്രവചിക്കുന്നതിനുമായി ശ്രമിക്കുന്നു. ക്രിസ്തീയ സുവിശേഷത്തിൽ നമുക്കു അടിയുറച്ച വിശ്വാസമുണ്ടായിരിക്കണം. ഇന്നാകട്ടെ നമ്മുടെ യുവജനങ്ങളുടെ ഇടയിൽ ദൈവം, മരണാനന്തര ജീവിതം, ആത്മാവ് എന്നിങ്ങനെയുള്ള കാര്യങ്ങളെപ്പററി സംശയങ്ങളും നിഷേധസ്വരങ്ങളും വളരെ വർദ്ധിച്ചിരിക്കുന്ന ഒരു കാലഘട്ടമാകുന്നു. നാം അധിവസിക്കുന്ന ലോകത്തെപ്പററി അതു നമുക്കു മതിയെന്നുള്ള ഒരു സംതൃപ്തിയാണു കൂടുതലായി കാണുന്നത്. A sense of the sufficiceny of the world'. ഇതിനേക്കാൾ ഉപരിയായ ഒരു ലോകത്തെപ്പററിയുള്ള വീക്ഷണമോ, താല്പര്യമോ ആവശ്യകതയോ പലരിലും കാണുന്നില്ല. യഥാർത്ഥമായ സൗഭാഗ്യമെന്നു പറയുന്നതു ദൈവഹിത പ്രകാരം ജീവിക്കുന്നതിൽ നിന്നു ലഭിക്കുന്ന ആനന്ദമല്ല. പ്രത്യുത അനിയന്ത്രിതമായ ഇന്ദ്രിയ പ്രസാദമാകുന്നു, തിന്നുകുടിച്ചു മദോന്മത്തരായി ഇന്ദ്രിയ ലഹരിയിൽ ജീവിക്കുന്നതാകുന്നു. ജീവിതോദ്ദേശം' എന്നിങ്ങനെ പലരും വിശ്വസിക്കുന്നു. ഈ ചിത്തവൃത്തിയെ വെടിഞ്ഞിട്ട് ഈ ലോകത്തിന്റെ നശ്വരതയെയും നിഷ്ഫലതയെയും ദൈവത്തിന്റെ സർവവ്യാപകമായ ശക്തിയെയും പററി ചിന്തിക്കുന്നതിനുതകുന്ന സരണികളെ തെളിയിച്ചു കൊടുക്കണം. വിവിധതരത്തിലുള്ള തത്വചിന്തകൾക്കു വശംവദരായി നമ്മുടെ യുവാക്കന്മാരുടെ മനസ്സു കുഴഞ്ഞുമറിഞ്ഞു കിടക്കുകയാണെന്നു പലപ്പോഴും തോന്നിയിട്ടുണ്ട്. ഈ അവസരത്തിൽ സഭ ഉണർന്നു യാഥാർത്ഥ്യങ്ങളിലേക്കു യുവലോകത്തെ നയിക്കുന്നില്ലെങ്കിൽ അതു യുവഭാരതത്തിനു നിശ്ചയമായും നാശകരമാകുന്നു. 'മാൻ നീർത്തോടുകളെ കാംക്ഷിക്കുന്നതുപോലെ എന്റെ ദേഹി നിനക്കായി കാത്തിരിക്കുന്നു' എന്നു സങ്കീർത്തനക്കാരൻ പറയുന്നു. God mad e us for himself and our hearts are restless until they find their rest in him എന്നിങ്ങനെ St Augustine സാക്ഷ്യം വഹിക്കുന്നു. ഈ അനുഭവത്തിലേക്കു വരാതെ നവീനഭാരതത്തിൽ നാം മതം പ്രചരിപ്പിക്കുന്നതിനു ശ്രമിച്ചാൽ നിഷ്ഫലമായി തീരാതിരിക്കുകയില്ല.

3 ക്രിസ്തുമതത്തിനു മററു മതസ്ഥരുടെ മുമ്പാകെ അവഹേളനാർഹമാക്കിത്തീർത്തിട്ടുള്ളത് നമ്മുടെ അക്രൈസ്തവമായ ജീവിതമാകുന്നു. സമുദായം മുഴുവനായും വ്യക്തികളായും നാം നിരീക്ഷണം ചെയ്യുമ്പോൾ പ്രസംഗിക്കുന്നതിനെ പ്രകടിപ്പിക്കാത്ത ഒരു കൂട്ടരായിട്ടുവേണം നമ്മെ കരുതുവാൻ. സുവിശേഷ സത്യങ്ങളെ ഉപദേശിച്ചുകൊണ്ടു നടക്കുന്ന ക്രിസ്ത്യാനികളായ നമ്മേക്കാൾ അധികമായി സത്യം, ധർമ്മം മുതലായവ പാലിക്കുന്നതിനും സദാചാരനിഷ്ഠ സംരക്ഷിക്കുന്നതിനും അക്രമരാഹിത്യം മുതലായവ പ്രായോഗികജീവിതത്തിൽ കൊണ്ടുവരുന്നതിനും അക്രൈസ്തവരായ ഭാരതീയർക്ക് സാധിച്ചിട്ടുണ്ടെങ്കിൽ നമ്മുടെ സുവിശേഷ പ്രസംഗങ്ങൾ കൊണ്ടു എന്തു പ്രയോജനം? അതിനാൽ അക്രൈസ്തവർക്കു ആകർഷണീയത തോന്നണമെങ്കിൽ സത്യം, നീതി എന്നിവയ്ക്കായുള്ള പോരാട്ടം, ഇടപാടുകളിലുള്ള കണിശം, പരമാർത്ഥത, വാക്കു പാലിക്കുന്നതിലുള്ള നിഷ്ഠ, ശത്രുവിനെ സമഭാവനയോടുകൂടി വീക്ഷിക്കുന്നതിനുള്ള കഴിവ് എന്നിത്യാദികർത്തൃധർമ്മങ്ങളെ നമ്മുടെ ജീവിതം കൊണ്ടു കാണിച്ചു കൊടുക്കേണ്ടതാണ്. 'വാക്കു ചക്കരെ കൈ കൊക്കരെ' എന്നുള്ള രീതിയിൽ നമ്മുടെ ക്രിസ്തുമത പ്രണയം ഇരിക്കുമെങ്കിൽ അതു ഭാരതത്തെ ക്രിസ്തുവിലേക്കു ആകർഷിക്കുവാൻ പര്യാപ്തമാകയില്ല. വിനീതനായ നസ്രായന്റെയും തന്റെ ശിഷ്യന്മാരുടെയും ആദർശങ്ങൾ നമ്മുടെ ജീവിതത്തിൽ പ്രകാശമായിത്തീരട്ടെ.

4 ''ഭാരതത്തിൽ അധിവസിക്കുന്ന ലക്ഷോപലക്ഷം ദരിദ്രനാരായണന്മാർക്ക് നമ്മുടെ സുവിശേഷ പ്രചാരംകൊണ്ട് അവരുടെ ദുരിത ഭാരത്തിൽനിന്നും വിശ്രാന്തി ലഭിക്കുന്നതിന് ഇടയാകുന്നില്ലെങ്കിൽ നമ്മുടെ മതപ്രചാരണം കൊണ്ടു ഭാരതത്തിന് വലിയ പ്രയോജനം ലഭിക്കുമെന്നു തോന്നുന്നില്ല. ഇൻഡ്യയിലെ ഗ്രാമങ്ങളിൽ വസിക്കുന്ന ആളുകൾ എപ്രകാരം അവരുടെ ജീവിതം നയിക്കുന്നുവെന്ന് നാം വല്ലപ്പോഴും ചിന്തിച്ചിട്ടുണ്ടോ? ദുരിതഭാരം വഹിക്കുന്നവരെപ്പററി ചിന്ത കൂടാതെയും ദുരിതനിവാരണാർത്ഥം പ്രായോഗിക പദ്ധതികളൊന്നും കൂടാതെയും ഒരു സഭ പുരോഗമിക്കുമെന്നു പ്രതീക്ഷിക്കുവാൻ നിവൃത്തിയില്ല. ആത്മീയ കാര്യങ്ങളിൽ മാത്രം ശ്രദ്ധിച്ചുകൊണ്ടു ലൗകിക കാര്യങ്ങളെ വിസ്മരിച്ചു പ്രബോധനം നടത്തുവാൻ സാധിക്കുകയില്ല. Glory to God in the highest and on earth peace and good will among men!! അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം, ഭൂമിയിൽ സമാധാനവും, മനുഷ്യമക്കൾക്കു പ്രസാദവും എന്നല്ലേ കർത്താവിന്റെ തിരുവവതാര വേളയിൽ ദൂതന്മാർ പാടിയത്. തിരുവവതാരം മൂലം സാധിക്കേണ്ടത് ദൈവത്തിന്റെ മഹത്വവും ഭൂമിയിൽ സമാധാനവും സന്തുഷ്ടിയുമത്രേ, മനുഷ്യമനസ്സിനെ അലട്ടുന്ന അസമത്വം, സാമ്പത്തിക പ്രശ്നങ്ങൾ മുതലായവയ്ക്കു മറുപടി കൊടുക്കാതെ കണ്ണും പൂട്ടിയിരിക്കുവാൻ ഒരു സഭയ്ക്കു സാധ്യമല്ല. [Vide Church Weekly Vol 1 11th May 1947 Sunday No. 22 18th May 1947 Sunday No. 23 25th May 1947 Sunday No. 24]

ചിത്തശുദ്ധിയും, ചിന്താശക്തിയും സമ്യക്കായി സമ്മേളിച്ചിട്ടുള്ള ഒരു വ്യക്തിയുടെ തെളിവുററ ആശയങ്ങൾ ഇവിടെ പ്രതിഫലിക്കുന്നു. 47 വർഷങ്ങൾക്ക് മുൻപ് അദ്ദേഹം പ്രവചിച്ച കാര്യങ്ങൾ യാഥാർത്ഥ്യങ്ങളായിത്തീർന്നിരിക്കുന്നു. ഒരു മഹത്വപൂർണ്ണമായ മനസ്സിന്റെ മന്ദ്രധ്വനി ഇതിൽ മുഴങ്ങിക്കേൾക്കാം. പ്രതിഭാശാലികളായ വ്യക്തികൾക്കു മാത്രമേ ഈ വിധത്തിൽ ചിന്തിക്കാൻ കഴിയൂ. ഈ ക്രാന്തദർശിത്വമാണ് മലങ്കര സഭയുടെ ഭാഗ്യവിധാതാവ് എന്ന സമുന്നതമായ പദവിയിലേക്ക് ഫാ. വി. കെ. മാത്യൂസിനെ നയിച്ചത്. ആശയാവതരണത്തിലും, അപഗ്രഥനത്തിലും പ്രകടമാകുന്ന അപൂർവത (originality) ആദരണീയമാണ്.

## പ്രതിവാര പ്രഭാഷണങ്ങൾ:

അറിവ് ശക്തിയാണെന്നു വിശ്വസിച്ചിരുന്ന ഫാ. വി. കെ. മാത്യൂസ്, അറിവിന്റെ നൂതന മേഖലകളെ ആശ്ലേഷിക്കുവാൻ കിട്ടുന്ന അവസരങ്ങൾ പാഴാക്കിയിരുന്നില്ല. വി. കൂദാശകളുടെ രഹസ്യങ്ങൾ സരളമായി പ്രതിപാദിക്കുന്ന ലേഖനങ്ങളും സഭയുടെ സനാതന മൂല്യങ്ങളുടെ സംരക്ഷണത്തിനുവേണ്ടി രക്തസാക്ഷികളായ പിതാക്കന്മാരുടെ ജീവചരിത്രക്കുറിപ്പുകളും എഴുതി പ്രസിദ്ധീകരിക്കുവാൻ അദ്ദേഹം സമയം കണ്ടെത്തിയിരുന്നു. മാർ ഇഗ്നാത്തിയോസ്, (മലങ്കര സഭ 1122) അലക്സന്ത്രിയായിലെ മാർ ക്ലിമ്മീസ് (Ibid, 1122 ഇടവം) അലക്സന്ത്രിയായിലെ മാർ ദീവന്നാസ്യോസ് (Ibid, 1122 മിഥുനം) മാർ ബെഹനായും സോദരി സാറായും സഖാക്കളായ സഹദേന്മാരും (Ibid 1124 വൃശ്ചികം) പുതിയ നിയമത്തിലെ 'മറിയാം' നാമധാരിണികൾ (ചർച്ച് വീക്കിലി, 1947.) ക്രിസ്തീയ സാമൂഹ്യ വ്യവസ്ഥിതി Ibid, 1947 Ist June തുടങ്ങിയ ലേഖനങ്ങൾക്ക് ഇന്നും സവിശേഷ പ്രാധാന്യമുണ്ട്.

എന്നാൽ സമകാലീന ലേഖകന്മാരിൽ വച്ച്". ഫാ. വി. കെ. മത്യൂസിനെ ശ്രദ്ധാർഹനാക്കിയത്. ചർച്ച്‌വീക്കിലിയിൽ 1947–49 കാലഘട്ടങ്ങളിൽ പ്രസിദ്ധീകരിച്ച 'പ്രതിവാരപ്രഭാഷണങ്ങ'ളാണ്'. വേദഭാഗങ്ങളെ ആസ്പദമാക്കി പ്രതിവാരപ്രഭാഷണങ്ങൾ തയ്യാറാക്കുക; ശ്രമകരമായ ഒരു ദൗത്യമാണ്. ചർച്ച്‌വീക്കിലി തുടങ്ങിയപ്പോൾ, പത്രാധിപസമിതി. ഊർജ്ജസ്വലനും, ഉത്തുംഗാശയനുമായ ഫാ: വി. കെ. മാത്യൂസിനെ ഈ ചുമതല ഏല്പിച്ചു. മലയാളത്തിൽ ഈ വിഷയത്തിൽ പ്രാമാണികഗ്രന്ഥങ്ങൾ അധികമൊന്നും ഉണ്ടായിരുന്നില്ല. സ്വന്തമായ ഒരു മാർഗ്ഗം തെളിയിച്ച് എടുക്കാൻ അദ്ദേഹം നിർബ്ബന്ധനായി. നിരന്തരമായ വായനയിലൂടെയും പഠനത്തിലൂടെയും ദൈവശാസ്ത്ര രഹസ്യങ്ങൾ ഉൾക്കൊണ്ടിരുന്ന അദ്ദേഹത്തിന്, ആശയദാരിദ്ര്യമോ. ആവിഷ്കരണക്ലിഷ്ടതയോ നേരിട്ടില്ല. ഇംഗ്ലീഷും, മലയാളവും, സുറിയാനിയും സ്വായത്തമാക്കിയിരുന്ന ലേഖകൻ. ആ ഭാഷകളിലെ മതസംബന്ധമായ വിഖ്യാത ഗ്രന്ഥങ്ങൾ ഇതിനകം വായിച്ചുതീർത്തിരുന്നു. വേദസംസ്കാരം ചിന്തയെ തീവ്രമാക്കി. പുതിയനിയമത്തിലേയും, പഴയ നിയമത്തിലെയും 'വായനപ്പടി'കൾ ഒന്നൊന്നായി അദ്ദേഹം പിന്നിട്ടു. അതോടൊപ്പം ശ്രോതാക്കൾക്ക് ബൈബിൾ പഠനത്തിൽ പുതിയൊരു മേഖല തുറന്നുകൊടുക്കുകയും ചെയ്തു. പഴയ നിയമത്തിലേയും പുതിയ നിയമങ്ങളിലെ വേദഭാഗങ്ങളെ ആസ്പദമാക്കി ഏതാണ്ട് 150–ൽ പരം പ്രതിവാരപ്രഭാഷണങ്ങൾ അദ്ദേഹം പ്രസിദ്ധീകരിച്ചു.– ഇവയെല്ലാംകൂടി സമാഹരിച്ചാൽ വലിയൊരു ഗ്രന്ഥമാകും; വൈദികർക്കു ഒരു വഴികാട്ടിയും.–

അണഞ്ഞ ബാവാ, മലങ്കര സഭയുടെ ആധുനിക ചരിത്രത്തിലെ അവിസ്മരണീയനായ നാവികനായിത്തീർന്നു. ആ വർത്തമാനകാല ചരിത്രം ചിരപരിചിതമെങ്കിലും രേഖപ്പെടുത്തേണ്ടതത്രെ.

## ദേവലോകത്തേക്ക്

'സഭയുടെ സ്വാതന്ത്ര്യത്തെ കണ്ണിലെ കൃഷ്ണമണിപോലെ സംരക്ഷിക്കും' എന്നു പ്രഖ്യാപിച്ചുകൊണ്ട്. 1975-ൽ കാതോലിക്കാ സിംഹാസനത്തിന്റെ പരമാദ്ധ്യക്ഷപദവിയിലേക്ക് പ്രവേശിച്ച ബാവാതിരുമേനി അതു് സഫലവും സാർത്ഥകവുമാക്കിയിട്ടുണ്ട് ഇന്നുവരെ. സഭയുടെ ആത്മീയവും ഭൗമികവും ആയ തലങ്ങളെ അറിഞ്ഞാദരിക്കുവാൻ അദ്ദേഹത്തിന് മടിയില്ലായിരുന്നു. ഭൂതകാലത്തിൽ വെട്ടിത്തിളങ്ങിയിരുന്ന ആത്മീയ പൗരുഷം ആധുനിക തലമുറയിലേക്ക് അഭിസംക്രമിപ്പിക്കുവാൻ ആഗ്രഹിച്ച പ. ബാവാ തിരുമേനി, തന്റെ പൂർവികന്മാരുടെ കബറിടങ്ങൾ തീർത്ഥാടന കേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്തി. ഏറെക്കുറെ അവഗണിക്കപ്പെട്ടിരുന്ന രണ്ടാം കാതോലിക്കായുടെ കബറിടം പുതുക്കിപ്പണിയുകമാത്രമല്ല, ഒരു പുണ്യഭൂമിയുടെ പദവിയും പ്രൗഢിയും അതിന് കൈവരുത്തുക കൂടി ചെയ്തു. ഇതു് നിസ്സാരകാര്യമല്ല. തലമുറകളിൽ നിന്നും തലമുറകളിലേക്ക് പകരുന്ന ആത്മീയധാരകളാണ് സ്വജനമര്യാദയുള്ള ഒരു സമൂഹത്തിന്റെ പൈതൃക സ്വത്തു്. ക്രാന്തദർശികളായ വ്യക്തികൾക്കു മാത്രമേ, ഈ യാഥാർത്ഥ്യം ഉൾക്കൊള്ളാനാവൂ. പ. ബാവാതിരുമേനിയിൽ പൂവിൽ സുഗന്ധമെന്നപോലെ. ഈ പരമസത്യം കുടികൊണ്ടിരുന്നു. പിതാക്കന്മാരെ മാനിക്കാത്ത പുത്രന്മാർക്ക് നിലനില്പില്ലല്ലോ. ഇവിടെ മറ്റൊരു സത്യംകൂടി സാന്ദർഭികമായി രേഖപ്പെടുത്തട്ടെ. സഭാപിതാക്കന്മാരുടെ ഓർമ്മദിനം, ഓർമ്മയിൽ നിന്നും ഉപേക്ഷിക്കാത, കൃത്യദിവസത്തിലും സമയത്തിലും അവർക്കുവേണ്ടി വി: ബലി അർപ്പിക്കുന്നതിൽ ആത്മസംതൃപ്തികണ്ടെത്തുന്ന ആത്മീയാചാര്യൻ കൂടിയാണ് അദ്ദേഹം. 'അവരിലെ ശക്തിയാണ് എന്റെ ശക്തി'യെന്നു പറയുവാൻ പ. പിതാവിന് മടിയില്ല. മലങ്കരസഭയുടെ ശക്തിസ്രോതസ്സായ മാർത്തോമ്മാശ്ലീഹായുടെയും മാർത്തോമ്മാ നാമധാരികളായ മഹാപിതാക്കന്മാരുടെയും പൂർവിക പിതാക്കന്മാരുടെയും വചനത്തിന്റെ വഴിയിലൂടെ നടക്കുന്ന പ. ബാവാ തിരുമേനി ആഗോളതലത്തിലറിയപ്പെടുന്ന ഒരു ആദ്ധ്യാത്മിക നേതാവുകൂടിയാണ്. ആഗോളതലത്തിൽ അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ കാതോലിക്കാ സിംഹാസനത്തിന്റെ അന്തസ്സും പ്രൗഢിയും ഉയർത്തുകയുണ്ടായി. കിഴക്കൻ യൂറോപ്പിലെ ഓർത്തഡോക്സ് സഭകൾ സൗഹൃദസന്ദർശനത്തിന് അദ്ദേഹത്തെ ക്ഷണിച്ചു. റഷ്യ, റുമേനിയ, അർമീനിയ, ബൾഗേറിയ എന്നിവിടങ്ങളിലെ സഹോദരസഭകൾ സന്ദർശിച്ച് ക്രിസ്തുവിൽ തങ്ങൾ ഒന്നാണെന്ന ബോധം ഊട്ടിയുറപ്പിച്ചതു് എടുത്തു പറയേണ്ട ചരിത്ര സംഭവങ്ങളാണ്. റഷ്യൻ പാത്രിയർക്കീസ് ആ സഭയുടെ പരമോന്നത ബഹുമതിയായ ഓർഡർ ഓഫ് സെന്റ് വ്ളാഡിമാർ ലെനിൻഗ്രാഡ് യൂനിവേഴ്സിറ്റി 'ഫെലോ' സ്ഥാനവും നല്കി പ. ബാവായെ അംഗീകരിച്ചാശിർവദിച്ച ധന്യനിമിഷങ്ങൾ. വിസ്മരിക്കാനാവില്ല. മോസ്കോവിൽ വച്ചു നടന്ന നിരായുധീകരണ സമ്മേളനത്തിന്റെ അദ്ധ്യക്ഷൻ, അവിടെവച്ച് 1981-ൽ നടന്ന സർവമത സമ്മേളനത്തിന്റെ രക്ഷാധികാരി, എന്നീ നിലകളിൽ അദ്ദേഹം ചരിത്രത്തിൽ ചിരസ്മരണീയനാണ്, അമേരിക്കാ, റോം മുതലായ ക്രൈസ്തവ കേന്ദ്രങ്ങൾ പ: ബാവാ സന്ദർശിച്ചപ്പോൾ ക്രൈസ്തവ ലോകത്തിൽ ഒരു നവയുഗം ഉദയം ചെയ്തു. ഓർത്തഡോക്സ്—കാതോലിക്കാ സഭകളുടെ പരമാദ്ധ്യക്ഷന്മാരുടെ കൂടിക്കാഴ്ച ഈ നൂററാണ്ടിന്റെ ചരിത്രത്തിലെ സുവർണ്ണാദ്ധ്യായമായി, സഭാചരിത്രകാരന്മാർ രേഖപ്പെടുത്തും. മാർപാപ്പായുടെ കേരള സന്ദർശന വേളയിൽ കാതോലിക്കോസിന്റെ ആസ്ഥാനത്തു് അദ്ദേഹം ആഗതനായി. ആതിഥ്യം സ്വീകരിച്ചു. വിശ്വാസ ത്യാഗം ചെയ്യാതെ, ഇരു സഭകൾക്കും ഏതു പരിധിവരെ പ്രവർത്തിക്കാമെന്ന് ചർച്ചയും പൂരണവും നടത്താൻ ഈ ഹ്രസ്വ സന്ദർശനം വഴിയൊരുക്കി. സഭാദ്ധ്യക്ഷന്മാർ ഏതു വിഭാഗത്തിൽപെട്ടവരാണെങ്കിലും ആഗോള ജനതയുടെ ആത്മീയാചാര്യന്മാരാണല്ലോ, ലോകജനത അവരുടെ ആത്മീയ പുത്രന്മാരും. അവരുടെ ബഹുമുഖ വളർച്ചയാണ് ലക്ഷ്യം. സന്തുഷ്ടവും സംതൃപ്തവുമായ ഒരു ജീവിതം പ്രദാനം ചെയ്യാൻ അവർ പ്രതിബദ്ധരാണ്. മാർപാപ്പായെ സ്വാഗതം ചെയ്തുകൊണ്ട്, പ. ബാവാ തിരുമേനി ചെയ്ത പ്രസംഗത്തിന്റെ ഒരു ഭാഗം ഉദ്ധൃത യോഗ്യമാണ്. 'നമ്മുടെ ലോകത്തിൽ ഇന്ന് വളരെയധികം ദാരിദ്ര്യവും പ്രയാസവുമുണ്ട്. ഈ രാജ്യത്ത് അനേകദശലക്ഷങ്ങൾ വിശന്നു ജീവിക്കുന്നു. ഭക്ഷണവും പാർപ്പിടവും വസ്ത്രവും അവർക്കാവശ്യത്തിനു കിട്ടുന്നില്ല, കോടിക്കണക്കിനാളുകൾ വേണ്ടത്ര ആരോഗ്യ സംരക്ഷണം ലഭിക്കാതെ വലയുന്നു. ഇവരെ സേവിക്കുന്നതിൽ നമുക്കൊരുമിച്ചു പ്രവർത്തിക്കാം.

യുദ്ധത്തിന്റെ കാർമേഘങ്ങൾ മാറിപ്പോകുന്നില്ല, അണ്വായുധ ദുരന്തമാകുന്ന ഡെമോക്ലീസിന്റെ വാൾ മനുഷ്യരാശിയുടെ മേൽ ഇപ്പോഴും തൂങ്ങിനില്ക്കുന്നു, മാനവസമൂഹം അതിന്റെ ശാസ്ത്രസാങ്കേതിക വിജ്ഞാനവും വൈദഗ്ദ്ധ്യവും ദൈവദത്തമായ അറിവും കഴിവും യുദ്ധത്തിനും ധനലാഭത്തിനുംവേണ്ടി നഷ്ടപ്പെടുത്തുന്നു. അണ്വായുധങ്ങളെ ഭൂമിയിൽ നിന്നു ബഹിഷ്ക്കരിക്കുവാനും നമ്മുടെ തലക്കുമീതേയുള്ള ബഹിരാകാശത്തെ എല്ലാ യുദ്ധായുധങ്ങളിൽ നിന്നും വിമുക്തമാക്കുവാനും നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാം. മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പ്രയോജനത്തിനും സമാധാനപരമായ ഉപയോഗത്തിനുംവേണ്ടി ബഹിരാകാശം മനുഷ്യരാശിയുടെ പൊതു മുതലായി തീരണം, ശാസ്ത്രത്തേയും സാങ്കേതിക വിജ്ഞാനത്തേയും യുദ്ധം, ലാഭമോഹം എന്നിവയുടെ അടിമത്വത്തിൽ നിന്നു മോചിപ്പിക്കുവാനും ദാരിദ്ര്യം, രോഗം, അജ്ഞത, അനീതി മുതലായവ വിപാടനം ചെയ്യുന്നതിനും ശാസ്ത്രത്തെ ഉപയോഗപ്പെടുത്തുവാനും ഒരു വലിയ പരിശ്രമം ആവശ്യമായിരിക്കുന്നു, സന്മനസ്സുള്ള എല്ലാവരോടുമൊപ്പം നമുക്കു പ്രവർത്തിക്കാം.' പ: ബാവാ തിരുമേനിയുടെ ഈ വിശ്വ സാഹോദര്യ വീക്ഷണം അദ്ദേഹത്തിന്റെ ജീവിതത്തിലെ നിറപ്പകിട്ടാർന്ന ഒരദ്ധ്യായമാണ്.

ഇരുപതാം നൂററാണ്ടിലെ ഒരു ക്രൈസ്തവ സഭാമേലദ്ധ്യക്ഷന് 'ദന്തഗോപുരവാസി'യായി കഴിയുക സാദ്ധ്യമല്ല. ലൗകികവും അലൗകികവുമായ തലങ്ങളെ കൂട്ടിയിണക്കി സുധീര നേതൃത്വം നല്കേണ്ടതു് അദ്ദേഹത്തിന്റെ കർത്തവ്യമാണ്. സഭയുടെ ഭൗമമുഖത്തിന് വെടിപ്പും വിശുദ്ധിയുമുണ്ടാക്കാൻ അനവരതം പ്രയത്നിക്കണം. ധർമ്മത്തിന്റെ പാതയിലൂടെ സഞ്ചരിക്കാൻ ജനതയെ കർമ്മനിരതരാക്കണം. അതിനുതകുന്ന കർമ്മപരിപാടികൾ, ആസൂത്രണം ചെയ്യണം. പ: ബാവാ, പ. എപ്പിസ്ക്കോപ്പൽ സുനഹദോസിന്റെയും മലങ്കര അസ്സോസിയേഷന്റെയും സഹകരണത്തോടുകൂടി സഭയിൽ വിവിധപരിപാടികൾക്കു രൂപം കൊടുത്തു. സഭയുടെ ദൗത്യം മിഷൻ പ്രവർത്തനമാണെല്ലോ, ഇക്കഴിഞ്ഞ പതിനൊന്നു വർഷത്തിനുള്ളിൽ മിഷ്യൻ വയലുകൾ ഫലപുഷ്കലമായിട്ടുണ്ട്. ആന്ധ്ര, ഭോപ്പാൽ, ആഫ്റിക്ക തുടങ്ങിയ സ്ഥലങ്ങളിൽ സഭ നേതൃത്വം നല്കിയ മിഷ്യപ്രവർത്തനങ്ങൾ, ഭൂമിയിൽ സന്മനസ്സുള്ള മനുഷ്യരുടെ സംഖ്യ വററിവരണ്ടിട്ടില്ലായെന്നതിന്റെ മികച്ച തെളിവായിരുന്നു. മാവേലിക്കരയിലേയും ഭോപ്പാലിലേയും മിഷൻ കേന്ദ്രങ്ങളിൽ നിന്നും പരിശീലനം നേടി പുറം ഭൂമിയിലേക്കു പോകുന്ന പ്രേഷിത പ്രവർത്തകർ മലങ്കര സഭയുടെ ശക്തി സൗന്ദര്യങ്ങളാണ്. പ: ബാവാതിരുമേനിയുടെ അനുഗ്രഹാശിസ്സുകൾ ഏററുവാങ്ങി സഭയുടെ ദൗത്യം പൂർത്തീകരിക്കാൻ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും പോകുന്ന ഈ 'ശിഷ്യനിര'യിൽ പ: ബാവ അഭിമാനഭരിതനാകാറുണ്ട്.'

സഭയിൽ നിലവിലുണ്ടായിരുന്ന അധികാര വികേന്ദ്രീകരണത്തിലധിഷ്ഠിതമായ ഭരണസംവിധാനത്തെ ശക്തവും സംപുഷ്ടവുമാക്കാൻ, ഭരണ പരിഷ്ക്കാരങ്ങൾ പ: ബാവാ ഏർപ്പെടുത്തി. ഭദ്രാസനങ്ങൾ പുനർവിഭജനം നടത്തി. പ: എപ്പിസ്ക്കോപ്പൽ സുന്നഹദോസ് വർഷത്തിൽ രണ്ടു തവണകൂടി, വിലയിരുത്തലും വിമർശനവും വിശദീകരണവും നടത്തി. പുരോഗതിയുടെ വഴിയിലൂടെ സഭയെ നയിക്കുന്ന ഒരു പാരമ്പര്യം സൃഷ്ടിച്ചു. സഭയുടെ വിശ്വാസവും സംസ്കാരവും വിലപ്പെട്ടവയാണെന്ന് വിശ്വാസികളെ ബോധ്യപ്പെടുത്താൻ പ. സുന്നഹദോസിന്റെ പ്രവർത്തനങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്. സഭയുടെ ബാഹ്യവും ആഭ്യന്തരവുമായ എല്ലാ പ്രശ്നങ്ങളും പ: സുന്നഹദോസിന്റെ സൂക്ഷ്മനിരീക്ഷണത്തിനും അന്വേഷണത്തിനും ശേഷമേ സഭാംഗങ്ങളുടെ മുൻപിലെത്താവൂയെന്ന ചിന്താഗതി, പ: ബാവായുടെ സംഭാവനയാണ്. പ; സുന്നഹദോസിൽ ബാവാ തിരുമേനി നല്കിയ നടപടിക്രമം, ഓഫീസ് സെക്രട്ടറിയായിരുന്ന ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ വിശദീകരിക്കുന്നതു് ശ്രദ്ധിക്കുക. ''ഇപ്പോഴത്തെ ബാവാ സുന്നഹദോസിന്റെ അദ്ധ്യക്ഷനായി വന്നതിനു ശേഷമാണ് ഭരണഘടനയ്ക്കും നടപടി ക്രമത്തിനും അനുസൃതമായി കാര്യങ്ങൾ മുഴുവനായി നീക്കുവാൻ സാധിച്ചതു്. രണ്ടു പ്രാവശ്യം, വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ ഓർമ്മയോടനുബന്ധിച്ചും (ഫെബ്രുവരി മാസം) മലങ്കര സഭാസ്ഥാപകനായ മാർത്തോമ്മാ ശ്ലീഹായുടെ ഓർമ്മപ്പെരുന്നാളായ ജൂലൈ 3-ാം തീയതിയോടനുബന്ധിച്ചും ഓരോ ആഴ്ചകൾ വീതം നീണ്ടു നില്ക്കുന്ന യോഗങ്ങളും സബ് കമ്മററികളുടെ പ്രവത്തനങ്ങളും വളരെ കൃത്യനിഷ്ഠയോടെ തന്നെ മുൻപോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു. അതിലേറെ സന്തോഷകരമായിട്ടുള്ള കാര്യങ്ങളാണ് പ: സുന്നഹദോസിന്റെ ദൈനംദിന നടപടികൾ. രാവിലെ അരമണിക്കൂർ ധ്യാനപ്രസംഗവും തുടർന്നു പരിശുദ്ധ ദാനത്തിനായുള്ള പ്രാർത്ഥനയും കഴിഞ്ഞാണ് യോഗനടപടികളിലേക്കു കടക്കുന്നതു്. ഈ ക്രമത്തിൽ നാലോ അഞ്ചോ ദിവസങ്ങൾ ഒരുമിച്ചു പ്രാർത്ഥിച്ചും ധ്യാനിച്ചും ഒരുമിച്ചു ചിന്തിച്ചും ഒരുമിച്ചു താമസിച്ചും ആശയങ്ങളും അഭിപ്രായങ്ങളും പരസ്പരം കൈമാറിയും കൊണ്ടു് സുന്നഹദോസ് അംഗങ്ങൾ കഴിയുന്ന അനുഭവം വളരെ ഹൃദ്യമായിട്ടുള്ളതാണ്. സുന്നഹദോസിന്റെ അവസാന ദിവസം വി. കുർബാനാനുഭവത്തോടെ അംഗങ്ങൾ പിരിയുന്നു. പണ്ഡിതോചിതമായ രീതിയിൽ മററംഗങ്ങളെ സംതൃപ്തരാക്കുവാനും, അങ്ങേ അററം ശ്രമിക്കുന്നു. അംഗങ്ങളുടെ അഭിപ്രായങ്ങൾ സ്വീകാര്യമെങ്കിൽ അതു സസന്തോഷം സ്വീകരിക്കാനും മടി കാണിക്കില്ല. പ്രധാനപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ അതിന്റെ നിയമവശങ്ങൾ കൂടി കണക്കിലെടുത്തു മാത്രമേ തിരുമേനി പ്രവർത്തിക്കാറുള്ളു. അതുപോലെ തന്നെ സഭാ ഭരണഘടനയുടെ വെളിച്ചത്തിൽ കൂലങ്കഷമായി ചിന്തിച്ചതിനു ശേഷമേ കാര്യങ്ങളെപ്പററി അവസാനമായി ഒരഭിപ്രായം രൂപീകരിക്കുകയുള്ളു. ഒരു പ്രശ്നത്തിന്റെ നാനാവശങ്ങളെപ്പററിയും ചിന്തിക്കും. ഒരു രേഖ കൈയിൽ കിട്ടിയാൽ അതു് വായിച്ച് വാക്കുകളുടെയും വാചകങ്ങളുടെയും അർത്ഥങ്ങളും അവയിൽ മറഞ്ഞുകിടക്കുന്ന ആശയങ്ങളേയും പററി ചിന്തിച്ചിട്ട് മാത്രമെ സ്വീകരിക്കുകയുള്ളു. നിയമജ്ഞന്മാരുമായി ആശയങ്ങൾ പങ്കിടുവാനും അവരുടെ അഭിപ്രായങ്ങൾ ആരായനും മടിക്കാറില്ല.!!

എക്യുമെനിക്കൽ രംഗത്തു് പ: ബാവായുടെ ഭരണകാലത്തു് മികച്ച നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. നാഷനൽ ക്രിസ്ത്യൻ കൗൺസിൽ, കേരള ക്രിസ്ത്യൻ കൗൺസിൽ തുടങ്ങിയ സമിതികളിൽ സഭ അംഗത്വം എടുത്തതു് ഈ കാലയളവിലാണ്, W. C. C യുടെയും K. C. C യുടെയും പ്രസിഡന്റന്മാരായി ഈ സഭയിലെ രണ്ടു മെത്രാപ്പോലീത്തന്മാർ തെരഞ്ഞെടുക്കപ്പെട്ട എന്നതു് അഭിമാനപൂർവ്വം അനുസ്മരിക്കേണ്ടതുണ്ട്. മാർത്തോമ്മാശ്ളീഹായുടെ പൈതൃകത്വം അവകാശപ്പെടുന്ന കേരളത്തിലെ എല്ലാ സഭക്കാരും ചേർന്ന് നിലയ്ക്കൽ എക്യുമെനിക്കൽ ക്രൈസ്തവകേന്ദ്രം സ്ഥാപിച്ചപ്പോൾ പ; ബാവാ തിരുമേനിയും, നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് തിരുമേനിയും നല്കിയ നേതൃത്വം അഭിനന്ദനീയമാണ്.

സഭയുടെ ആത്മീയ വളർച്ചയുടെ, അളവു കോലുകളാണ് വൈദിക സെമിനാരിയും ആദ്ധ്യാത്മിക സംഘടനകളും. വിജ്ഞാന കുതുകികളും വിനയാന്വിതരും വിശ്വാസ ധീരരുമായ വൈദികരാണല്ലോ ഏതു സഭയുടെയും ഊർജ്ജ കേന്ദ്രങ്ങൾ. ആത്മനിറവുള്ള വൈദികർ സഭയുടെ സ്വത്താണ്. ജനങ്ങളുടെ മാർഗ്ഗദർശികൾ ശരിയായ ശിക്ഷണം ലഭിക്കാത്ത വൈദികൻ അപകടകാരിയാണ്. പരിശീലനത്തിലൂടെ പരിപക്വമാനസരായ വൈദികർക്കു് ജന്മം നല്കുന്ന വൈദിക സെമിനാരി സത്യത്തിൽ സഭയുടെ നിധിനിലയമാണ്. വൈദിക സെമിനാരി പ്രൊഫസ്സറും പ്രിൻസിപ്പലുമായിരുന്നല്ലോ ബാവാ തിരുമേനി. എപ്പോഴും അദ്ദേഹം സെമിനാരിയിലേക്ക് ഉററുനോക്കിക്കൊണ്ടിരുന്നു. അദ്ദേഹം കാതോലിക്കോസ് ആയതിനു ശേഷവും സെമിനാരി കാര്യങ്ങളിൽ വിമുഖത കാട്ടിയിരുന്നില്ല. ലോകത്തിലെ മികച്ച വൈദിക പരിശീലന കേന്ദ്രങ്ങളിലൊന്നായി ഇന്നതറിയപ്പെടുന്നു. സെമിനാരിയുടെ നിയന്ത്രണത്തിലുള്ള 'ദിവ്യബോധനം' പാഠനക്കളരിയും, മലങ്കര ഓർത്തഡോക്സ് ആർക്കൈവ്സും എടുത്തു പറയേണ്ടതാണ്. ബിരുദാനന്തര കോഴ്സും അവിടെ ആരംഭിച്ചിട്ടുണ്ട് ഇക്കാര്യങ്ങൾക്ക് നേതൃത്വം നല്കാൻ ദൈവം അദ്ദേഹത്തെ തെരഞ്ഞെടുത്തിരിക്കുന്നു. സഭയിലെ ആദ്ധ്യാത്മിക സംഘടനകൾ കാലത്തിനനുയോജ്യമായ പ്രവർത്തന ശൈലികൾ സ്വീകരിച്ച് മുൻപോട്ടു നീങ്ങാൻ പ: ബാവാ തിരുമേനി കാണിക്കുന്ന താല്പര്യം ശ്ളാഘനീയമാണ്.

അക്ഷരങ്ങളിലൂടെ ആശയ നിവേദനം നടത്താൻ അക്ഷര സ്നേഹിയായ പ: ബാവാതിരുമേനി അത്യധികം താല്പര്യം കാണിക്കുന്നു. ഇംഗ്ലീഷ്, ഹിന്ദി തമിഴ് തുടങ്ങിയ ഭാഷകളിലേക്ക് നമ്മുടെ ആരാധനാക്രമം തർജ്ജമ ചെയ്യാൻ കമ്മററികളെ നിയോഗിച്ച് തൃപ്തിപ്പെടുവാൻ മാതൃക കാട്ടുക കൂടി ചെയ്തു. അദ്ദേഹം, ഭാരതത്തിനു വെളിയിലുള്ള പല ദേവാലയങ്ങളിലും സെന്ററുകളിലും ഇന്നുപയോഗിക്കുന്ന ഇംഗ്ലീഷ് കുർബ്ബാന തക്സാ പ: ബാവാ തിരുമേനി സുറിയാനിയിൽനിന്നു നേരിട്ട് തർജ്ജമ ചെയ്തിട്ടുള്ളതാണെന്ന് ഓർക്കണം. കാതോലിക്കേററിന്റെ ആസ്ഥാനത്തു നിന്നും സഭയുടെ അനുദിനപ്രവർത്തനങ്ങൾ ജനങ്ങളെ അറിയിക്കുവാനായി വാർത്താ പത്രികയെന്ന നിലയിൽ മലങ്കര ഓർത്തഡോക്സ് ഹെറാൾഡ് എന്നൊരു വാരിക തുടങ്ങുവാൻ പ്രചോദനം നല്കിയതും പ: ബാവാതന്നെ. മലങ്കര ഓർത്തഡോക്സ് പബ്ളിക്കേഷൻ എന്നൊരു ഔദ്യോഗിക പ്രസിദ്ധീകരണ വിഭാഗം രൂപമെടുത്തു. ഓർത്തഡോക്സ് ബുക്ക് സെന്റർ എന്നൊരു പ്രസിദ്ധീകരണശാല ആരംഭിക്കുകയും

ചെയ്തു. വി. കർബ്ബാനയിൽ ഉപയോഗിക്കുന്ന വീഞ്ഞിന്റെ നിർമ്മാണശാലയാണ് മറ്റൊരു പുതിയ സംരംഭം. ഇരുപതാം നൂറ്റാണ്ടിന്റെ ആത്മാവിനെ സ്വാംശീകരിക്കാൻ കെല്പുള്ള ഒരു യുഗപ്രഭാവനു മാത്രമേ ഇത്തരം പരിപാടികൾക്ക് ജന്മം കൊടുക്കാൻ കഴിയൂ.

എന്തൊക്കെയുണ്ടായാലും സാമ്പത്തിക ഭദ്രതയും ഒരു സമൂഹത്തിന് ആവശ്യമാണ്. യാഥാർത്ഥ്യത്തെ യാഥാർത്ഥ്യമായി അംഗീകരിക്കുവാൻ പ: ബാവായ്ക്കു മടിയില്ലായിരുന്നു. കാതോലിക്കാ ദിനപ്പിരിവിലൂടെ സാമ്പത്തിക ഭദ്രത അസാദ്ധ്യമായി വന്നപ്പോൾ മറ്റു മാർഗ്ഗങ്ങൾ അദ്ദേഹം ആരാഞ്ഞു. എം. ഡി. കൊമേഴ്സ്യൽ സെന്ററിന്റെ രണ്ടാംഘട്ട വികസനം ആ ലക്ഷ്യം കൈവരിക്കാനുള്ള ഉപാധിയാക്കി. കൂടാതെ മലങ്കര ഓർത്തഡോക്സ് ചർച്ച് എഡ്യൂക്കേഷൻ ആന്റ് സോഷ്യൽ സർവ്വീസ് സൊസൈറ്റി എന്നൊരു സാമൂഹിക സംഘടനയ്ക്കു രൂപം കൊടുക്കുകയും ചെയ്തു. ഈ പ്രസ്ഥാനം സഭയ്ക്കും സംസ്ഥാനത്തിനും സത്ഫലങ്ങൾ സംഭാവന ചെയ്യുമെന്ന് പ്രതീക്ഷയുണ്ട്.

## വചനത്തിന്റെ സുവർണ്ണം

പൗരസ്ത്യ മതങ്ങളെല്ലാം വചനത്തിന്റെ ഖനിയിൽ വളർന്നവയാണ്. ഈശ്വരീയമായ അവബോധത്തിന്റെ സുവർണ്ണമായി അവ അവതരിക്കുകയും സമകാലീനരിലേക്കും സംക്രമിക്കുകയും ചെയ്യുന്നു. 'വചനം വ്യർത്ഥമാകുന്നില്ല. അതു ഉച്ചരിച്ചവന്റെ ചുണ്ടിൽ നിന്ന് ഉച്ചരിക്കാത്തവന്റെ നെഞ്ചിലേക്ക് സുവർണ്ണശരംപോലെ മുറിവേല്പിക്കാതെ പിളർന്നു കയറുന്നു. വാക്കിന്റെ രൂപകങ്ങൾ അനവധിയാണ്. സുവിശേഷകാരനായ വി. യോഹന്നാൻ ബോധിയിലേക്ക് ഉണർത്തുന്നതു് വചനത്തിന്റെ സ്മൃതിയാണ്. തൃതീയലോചനം തുറന്നു കണ്ടതൊക്കെ വചനമായിരുന്നു. ആദിയിലും അന്തത്തിലും വചനമേയുള്ളു. വചനം തന്നെയാണ് പ്രപഞ്ചവും ജീവനുമായതു്. ഈ ഉദാത്തമായ ഉൾക്കാഴ്ചയുടെ പരിവേഷമില്ലാതെ വചനവിചാരം അസാദ്ധ്യമാണ്. സത്യത്തെ സമൂർത്തീകരിക്കുവാൻ മനുഷ്യ സിദ്ധികളിൽ വചനമല്ലാതെ മറ്റൊന്നില്ല. സത്യം വെളിപ്പെടുന്നതും വചനത്തിന്റെ മാംസത്തിലൂടെയാണ്. മരുഭൂമിയിൽ വച്ചും വിജന പർവ്വതങ്ങളിൽ വച്ചും നിദ്രയുടെ സ്വപ്നകാരുണ്യങ്ങളിലും വചനം ദൈവത്തിന്റെ വെളിപാടായി. ഏകാന്തസാധനയിൽ വാക്കുകൾ ഉപാസനാമൂർത്തികൾക്കു പകരം നില്ക്കുന്നു.

വചനത്തെ സുവർണ്ണമായി കണ്ടവരാണ് സഭയുടെ ആദിമപിതാക്കന്മാർ. ദൈവത്തോടുള്ള രഹസ്യഭാഷണമായും ദൈവത്തിന്റെ പ്രതിഭാഷണമായും പ്രണത ശിഷ്യനോടുള്ള ഗുരുവിന്റെ വിശുദ്ധ പ്രണവമായും വചനം ആഘോഷിക്കപ്പെടുന്നു. മനുഷ്യായുസ്സിന്റെ ക്ഷണികതയും മനുഷ്യവർഗ്ഗത്തിന്റെ അനന്തകാലോന്മുഖമായ നിയോഗവും തമ്മിൽ സംഭവിക്കുന്ന സംഘർഷം വചനാഭയം പ്രാപിക്കാൻ മനുഷ്യാത്മാവിനെ പ്രേരിപ്പിക്കുന്നു. ഒരർത്ഥത്തിൽ മരിക്കാത്ത വചനത്തിലൂടെ പുനർജനിക്കുന്ന പൂർവ പിതാക്കളിലൂടെ സഭാപ്രതിസന്ധികളിൽ പുനർജീവനം നേടുന്നു. യാതനകളുടെയും ദുഃഖങ്ങളുടെയും മുഹൂർത്തങ്ങളിലാണ് അത്തരം വചനങ്ങൾ സ്മരിക്കപ്പെടുന്നതു്. അതുകൊണ്ട് വചനങ്ങൾക്ക് എപ്പോഴും ഭവിഷ്യൽ കാലത്തെ ലക്ഷ്യമാക്കുന്ന ഗതീയതയുണ്ട്. വർത്തമാന കാലത്തിന്റെ ബധിര കർണ്ണങ്ങളിൽ വീഴാത്ത വാക്കുകൾ പോലും പുനർനവമായി പിറക്കാനിരിക്കുന്ന കാലത്തിന്റെ ഉദ്യാനങ്ങളിൽ പുഷ്പിക്കുന്നു.

പൂർവ സഭാപിതാക്കന്മാർ ധ്യാനശീലരായിരുന്നു. ജീവിതം ഇന്നത്തെപ്പോലെ ക്രിയാവ്യഗ്രമല്ലാതിരുന്ന ആ കാലത്തു് ഏകാന്തമായ ധ്യാനത്തിനു സാദ്ധ്യതയേറുമല്ലോ. ശരീരത്തോട് അവർ പുലർത്തിയ വിരക്തി തന്നെ ലോകത്തിന്റെ പാർത്ഥിവത്വത്തോടും അവർക്കുണ്ടായിരുന്നു. ആദിമ ക്രൈസ്തവരുടെ വിശ്വാസത്തിന്റെ ശക്തിസ്രോതസ്സ് ഈ ധ്യാനകേന്ദ്രങ്ങളിൽ നിന്നുമാണ് എല്ലാ ദിശകളിലേക്കും പ്രവഹിച്ചതു്. അതിന്റെ സ്നേഹോഷ്മളമായ സ്പർശം ഇന്നത്തെ സഭാപിതാവ് ഉച്ചരിക്കുന്ന വാക്കിലും ഉണ്ട്. അതു് നിഷേധിച്ചുകൂടാ. ജീവിതത്തിന്റെ അലകും പിടിയും മാറിയ ഈ ശതകത്തിന്റെ മുഖരതയിലും മുഖരാഹിത്യത്തിലും വചനം കുറഞ്ഞൊന്നു പരുഷമാകാതെ തരമില്ല. സുവർണ്ണമാണെങ്കിലും ലോഹത്തിനു കാഠിന്യമുണ്ടല്ലോ. അതു ലോകത്തിന്റെ കാഠിന്യം തന്നെ. ഇവിടെ വചനവും കർമ്മവും ഒന്നായിത്തീരുന്നു. വചനം വിശ്വാസത്തിന്റെ പ്രതിരോധമായിത്തീരുന്നു. ദൈവികമായ ആസുരതകൾക്കെതിരെ പോരാടുവാൻ ആയുധമണിയുന്നു. വചനം ദുർഗ്ഗമായി പൂർവപിതാക്കളുടെ പൈതൃകത്തിന്റെ നിധി നിക്ഷേപങ്ങളെ രക്ഷിക്കുന്നു.

മലങ്കര സഭാപിതാക്കന്മാരും വചനത്തെ സുവർണ്ണമായി കണ്ടവരാണ്. പ. പരുമല മാർ ഗ്രീഗോറിയോസ് തിരുമേനി, വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് തിരുമേനി, മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവാ, മാർ ബസ്സേലിയോസ് ഔഗൻ ബാവാ, എന്നിവരുടെ വചനങ്ങൾ തിരുവചനങ്ങളാണ്. അവരുടെ 'കാൽനഖേന്ദുമരീചി'കളെ സഭാ പന്ഥാവിൽ പിന്തുടർന്നു മാർ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ വചന ശുശ്രൂഷയിലൂടെയും വ്യാഖ്യാനത്തിലൂടെയും സഭയുടെ ഭിത്തിയെ ബലവത്താക്കിയ കർമ്മധീരനാണ്. സഭയ്ക്കു നേരെ ഉയർന്നു വന്ന പ്രതിലോമ ശക്തികളുടെ വേദ വിപരീതങ്ങളെ പരിശുദ്ധാത്മാവിന്റെ നിറവിൽ ചെറുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. കാറ്റും കോളും നിറഞ്ഞു നിന്ന ഒരു ഘട്ടത്തിൽ സഭാ നൗകയെ നയിക്കാൻ ദൈവനിയോഗം ലഭിച്ച അദ്ദേഹം, അടിപതറാതെ, അടിക്കടി വിജയശ്രീലാളിതനായി ലക്ഷ്യത്തിലേക്കു നീങ്ങി. വിശുദ്ധ സഭയുടെ വിശ്വാസ സത്യങ്ങൾ സംരക്ഷിക്കാൻ വാക്കുകൾ ആയുധമായി സ്വീകരിച്ചുകൊണ്ട് അദ്ദേഹം നടത്തിയ പ്രഭാഷണങ്ങൾ ചരിത്രരേഖകളാണ്. അന്ത്യോഖ്യൻ പാത്രിയർക്കീസ് മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനം ചോദ്യം ചെയ്തപ്പോൾ, അദ്ദേഹം നല്കിയ മറുപടി ഇങ്ങനെയായിരുന്നു. 'കർത്താവിന്റെ അപ്പോസ്തലനും മലങ്കര സഭയുടെ സ്ഥാപകനുമായ മാർത്തോമ്മാ ശ്ലീഹായ്ക്കു പൗരോഹിത്യമില്ലെന്നും, പൗരോഹിത്യമില്ലാത്തതുകൊണ്ട് അദ്ദേഹത്തിനു സിംഹാസനമില്ലെന്നും സിംഹാസനമില്ലാത്തതുകൊണ്ട് അധികാരമില്ലെന്നും തന്മൂലം ഈ സഭ അന്ത്യോഖ്യൻ സിംഹാസനത്തിന്റെ കീഴിലായിരിക്കണമെന്നും വരുത്തി വയ്ക്കുക എന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ (അന്ത്യോഖ്യൻ പാത്രിയർക്കീസിന്റെ) ഉദ്ദേശം. മാർത്തോമ്മായ്ക്കു പട്ടമില്ലെന്നും സിംഹാസനമില്ലെന്നും ക്രൈസ്തവസഭയിൽ പെട്ട ആരെങ്കിലും പറയുവാൻ തുനിയുമോ എന്നു ചിന്തിച്ചു പോകുന്നു. പൗരാണിക സഭകൾ ഈ വേദവിപരീതത്തെ പുച്ഛിച്ചു തള്ളിയിരിക്കുകയാണ് വേദ വിപരീതമാകുന്ന ഈ കടുംകൈ സ്വാർത്ഥലാഭത്തിനു വേണ്ടി തന്ത്രപൂർവം എഴുതിവിടുവാൻ സിറിയൻ സഭാമേലദ്ധ്യക്ഷനു കൈകൾ ഉയർന്നല്ലോ എന്നോർക്കുമ്പോൾ ദുഃഖം തോന്നുന്നു. മാർത്തോമ്മായുടെ പൗരോഹിത്യത്തെ ചോദ്യം ചെയ്യുന്നതു മാർത്തോമ്മാ ശ്ലീഹായ്ക്കു പൗരോഹിത്യ നൽവരം നല്കിയ കർത്താവിന്റെ അധികാരത്തെയാണ് എന്നും മനസ്സിലാക്കണം. ഈ കടുത്ത വേദവിപരീതം പ്രചരിപ്പിച്ച് സഭയിൽ കലഹത്തിന്റെ വിത്തു വിതച്ച അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ തെറ്റ് അക്ഷന്തവ്യമാണ്. ക്രൈസ്തവസഭയുടെ പ്രാരംഭ ദശയിൽ കടലുകൾ കടന്ന് ഇവിടെ എത്തി സഭ സ്ഥാപിക്കുകയും കൂദാശകളും പട്ടത്വ നൽവരങ്ങളും നമ്മുടെ പൂർവികന്മാർക്കു നല്കി സഭയെ ഉറപ്പിക്കുകയും ഈ മണ്ണിൽ അലിഞ്ഞു ചേരുകയും ചെയ്ത ആ പുണ്യാത്മാവിന്റെ സഭയിൽപ്പെട്ടവരും ഈ വേദവിപരീതം പറഞ്ഞു ശാപഗ്രസ്തരായിത്തീരരുതേയെന്ന് ഓർമ്മിപ്പിക്കുന്നു. ആരെങ്കിലും അതു പറയുന്നുവെങ്കിൽ അപ്പോസ്തലന്റെ രക്തം വീണ കുതിർന്ന മണ്ണിൽ നിന്നാണ അദ്ദേഹത്തിനെതിരായി ശബ്ദിക്കുന്നതെന്ന് മനസ്സിലാക്കണമേയെന്നു വിനീതമായി ഓർമ്മിപ്പിക്കുന്നു.'

സമുദായക്കേസിൽ പ: ബാവാ തിരുമേനി നല്കിയ മൊഴികൾ സമാഹരിക്കുമെങ്കിൽ അതു് അനന്തര തലമുറയ്ക്കു വിലപ്പെട്ട സമ്പത്തായിരിക്കും. ഓർത്തഡോക്സ് വിശ്വാസത്തിന്റെ രജതരേഖകൾ. മെത്രാപ്പോലീത്താ കാതോലിക്കാ എന്നി പദവികളിലിരുന്നുകൊണ്ട് അദ്ദേഹം ചെയ്തിട്ടുള്ള പ്രഭാഷണങ്ങൾ ഈടുറ്റവയാണ്. അദ്ദേഹം രചിച്ച വി. സഭ എന്ന ഗ്രന്ഥം ഒരു നിധിപോലെ ഇന്നും പലരും സൂക്ഷിക്കുന്നു. വി. കുർബാനക്രമം ഉൾക്കൊള്ളുന്ന, ആരാധനാഗ്രന്ഥം അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തിന്റെ പരിപക്വഫലമാണല്ലോ. സഭയുടെ ചരിത്രവും സംസ്ക്കാരവും, ദിവ്യബോധനവും വെളിപ്പെടുത്തുന്ന അനവധി ഗ്രന്ഥങ്ങൾ രചിക്കാനുള്ള കരുക്കൾ അദ്ദേഹത്തിന്റെ കൈവശമുണ്ട്. അഭിമുഖസംഭാഷണം, ചർച്ചകൾ, സൗഹൃദസംഭാഷണം തുടങ്ങിയവ നടത്തി ആ ആശയങ്ങൾ സഭാംഗങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കണം.

രത്നത്തിനു് അനവധി മുഖമുണ്ട്. ഏതു മുഖത്തേക്കു നോക്കിയാലും ശോഭയേറും. മഹാവ്യക്തിത്വത്തിന്റെ കഥയും മറിച്ചല്ല. ആത്മീയ പിതാവ്, സഭാനാഥൻ, മനുഷ്യസ്നേഹി, വിശ്വാസധീരൻ, സഭാചരിത്രകാരൻ, വേദപണ്ഡിതൻ, നിയമജ്ഞൻ, നീതിപാലകൻ ഇവയൊക്കെ പ:ബാവാ തിരുമേനിയുടെ വ്യക്തിത്വത്തിന്റെ മുഖങ്ങളാണ്. എൺപത്തി ഒന്നാം വയസ്സിലും യുവത്വത്തിന്റെ പ്രസരിപ്പുണ്ട്. പൊയ്മുഖമണിയുകയോ, പൊള്ളവാക്കുകൾ ഉരുവിടുകയോ ചെയ്യില്ല അദ്ദേഹം. മറ്റുള്ളവരുടെ പ്രീതിക്കുവേണ്ടി സത്യത്തെ കുഴിവെട്ടി മൂടാറില്ല. സത്യത്തിനുവേണ്ടി മരിക്കുവാനും മടിയില്ല, അദ്ദേഹത്തിന്. പ്രലോഭനങ്ങളിൽ ആന്ദോളനം ചെയ്യുന്ന ആന്തരിക മനുഷ്യനോ ബാഹ്യമനുഷ്യനോ അല്ല, പ: ബാവാ തിരുമേനി. പൂർവ്വിക പിതാക്കന്മാർ ഏല്പിച്ച താലന്തുകളെ വർദ്ധിപ്പിക്കുവാൻ സർവ്വാത്മനാ യത്നിക്കുന്നു അദ്ദേഹം. കാര്യസാദ്ധ്യത്തിന്നായി കശ്മലായ സഭാസത്യത്തെ ഒറ്റിക്കൊടുക്കുന്ന അധർമ്മമാർഗ്ഗത്തിലൂടെ ലക്ഷ്യപ്രാപ്തിയിലേക്കു നീങ്ങുന്ന ആധുനിക മനുഷ്യന്റെ അഭിശപ്ത സ്വഭാവത്തെ മലങ്കരയുടെ ഈ മഹാപുരോഹിതൻ വെറുക്കുന്നു. എന്തും വെട്ടിത്തുറന്നു സംസാരിക്കുന്നു. അതു് അപ്രിയ സത്യങ്ങളായി പ്രഥമ ശ്രവണത്തിൽ തോന്നാം. പക്ഷേ കാലപ്പഴക്കത്തിൽ സത്യത്തിന്റെ മുഖം തെളിഞ്ഞു വരും. അപ്പോൾ ആ മഹാപ്രതിഭയെ അറിഞ്ഞാദരിക്കും. ശത്രുവായാലും മിത്രമായാലും ക്രിസ്തീയ സ്നേഹത്തിന്റെ കുളിരുറ്റ അന്തരീക്ഷത്തിൽ സ്വീകരിക്കും. വിദ്വേഷമോ വീരാരാധനയോ അവരോടില്ല. സ്വസുഖത്തേക്കാളുപരി 'സഭയുടെ സുഖ'മാണ് വലുതെന്ന് അദ്ദേഹം വിശ്വസിക്കുന്നു, തന്മൂലം സുധീര നിലപാടുകൾ സ്വീകരിക്കുന്നു. താനൊരു 'കീറാമുട്ടി'യാണെന്നു സ്വയം വിശേഷിപ്പിച്ച ബാവാതിരുമേനി സംഭൃതശക്തികളുടെ ഒരു സമസ്യയായി ഇന്നും ജ്വലിച്ചു നില്ക്കുന്നു. ദൈവവരപ്രസാദംകൊണ്ട്, രാത്രിയിലെ ഭയത്തിനോ, പകൽ പറക്കുന്ന അസ്ത്രത്തിനോ, ഉച്ചയിൽ ഊതുന്ന കാറ്റിനോ ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തിനോ ഈ മഹാധീമാനെ ഭയപ്പെടുത്തുവാൻ സാദ്ധ്യമല്ല.

Edited & Published by Shebaly, Printed by Rev. C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers, Collectorate P. O. Kottayam-2 Manager Fr. Raju Varghese, Asst. Manager A. J. George, Circulation Asst. K. P. Jacob (Hon) Chief Editor: Dr. Samuel Chandanappally, Associate Editor Fr. C. A. Issac, Office Address: Malankara Orthodox Herald, Devalokam, Kottayam-686 038.